بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാല്യം 4

ലക്കം 41

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 ഒക്ടോബർ 10/ഹി:ശം:1398 അഖാഅ് 10/ഹി:ഖ: 1441 സഫർ 10

## അല്ലാഹുവിന്റെ വചനം

قَدۡ خَلَتۡ مِنۡ قَبۡلِکُمۡ سُنَنٌ ۙ
فَسِیۡرُوۡا فِی الۡاَرۡضِ
فَانۡظُرُوۡا کَیۡفَ کَانَ
عَاقِبَۃُ الۡمُکَذِّبِیۡنَ ○
(آل عمران:138)

'നിങ്ങൾക്കുമുമ്പേ പല പ്രവർത്തന സമ്പ്രദായങ്ങളും കഴിഞ്ഞു കടന്നിട്ടുണ്ട്. അതിനാൽ നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കൂ. എന്നിട്ട് ആ സത്യനിഷേധികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കുക'(3:138)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**നബിയെ തിരിച്ചറിയുന്നവനാണ് ബുദ്ധിമാൻ. കാരണം അവൻ ദൈവത്തെ തിരിച്ചറിയുന്നു. അതിനെ നിഷേധിക്കുന്നവനാണ് വിഡ്ഢി. കാരണം നുബുവ്വത്തിന്റെ നിഷേധം ദൈവനിഷേധവുമായി ബന്ധപ്പെട്ടതാണ്.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### അല്ലാഹുവിന്റെ ശക്തിപ്രഭാവങ്ങളേയും ദിവ്യാത്ഭുതങ്ങളേയും പരിമിതമെന്ന് മനസ്സിലാക്കുന്നത് ബുദ്ധിപരമല്ല:

അല്ലാഹുവിന്റെ ശക്തിപ്രഭാവങ്ങളേയും ദിവ്യാത്ഭുതങ്ങളേയും പരിമിതമെന്ന് മനസ്സിലാക്കുന്നത് ബുദ്ധിപരമല്ല. അവർ അതിന്റെ തത്ത്വം അറിയാതെയും മനസ്സിലാക്കാതെയും ദൈവകാര്യങ്ങളിൽ അഭിപ്രായം പറയുകയാണ്. അത്തരക്കാരെ കുറിച്ചാണ് പറഞ്ഞത്.

*തൂ കാർ സമീൻ റാ നക്കോ സാഖ്തീ*
*കെ ബാ ആസ്മാൻ നീസ് പർ ദാഖ്തീ*

(എന്ത്! ആകാശസംബന്ധമായ ജോലികളിലേക്ക് ശ്രദ്ധിക്കാൻ നീ ഭൂമി സംബന്ധമായ ജോലികളെല്ലാം ശരിയാക്കിയെന്നാണോ?)

തന്റെ കഴിവിനെക്കാളുപരി മനുഷ്യൻ ധിറുതി കാണിക്കാതിരിക്കേണ്ടത് നിർബന്ധമാണ്. ഭൂരിഭാഗം രോഗങ്ങളുടേയും ശാരീരികമായ അവശതകളുടേയും കാരണങ്ങളും ലക്ഷണങ്ങളും ഡോക്ടർമാർക്ക് അറിയുകയില്ല. അങ്ങനെ വരുമ്പോൾ അത്തരം ബലഹീനതവച്ചുകൊണ്ട് കഴിവിനെക്കാൾ ഉപരി മുന്നോട്ടുപോകുക എന്നത് അവന് ഉചിതമാണോ? ഒരിക്കലുമല്ല. പ്രത്യുത ദാസത്വത്തിന്റെ വഴി *സുബ്ഹാനക്ക ലാ ഇൽമ ലനാ* (2:33)–നീ പരിശുദ്ധനാണ്! ഞങ്ങൾക്ക് ഒരു അറിവുമില്ല– എന്ന് പറയുന്നവരോടൊപ്പം ആകുക എന്നതുതന്നെയാണ്. നോക്കൂ! നക്ഷത്രങ്ങൾ അവ എത്രമാത്രം വലിയവലിയ ഗോളങ്ങളാണ്. ആകാശത്ത് സ്തൂപമൊന്നും കൂടാതെ തൂങ്ങിക്കിടക്കുന്നു. ആകാശംതന്നെയും ആരുടേയും ആശ്രയമില്ലാതെ ആയിരക്കണക്കിന് വർഷമായി അതുപോലെ നടന്നുവരുന്നു. ചന്ദ്രൻ എല്ലാ ദിവസവും കഴുകി വൃത്തിയാക്കപ്പെട്ട് ഉദിച്ചുയരുന്നു. സൂര്യൻ നിത്യവും ഉദിക്കുന്നു. കൃത്യമായ വേഗത്തിലും ഗതിയിലും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ ജോലികളിൽ എന്തെങ്കിലുമൊക്കെ തെറ്റുകൾ തീർച്ചയായുമുണ്ടാകും. പക്ഷേ, അല്ലാഹുവിന്റെ ജോലി നോക്കുക! ഇതേ ചന്ദ്രനും സൂര്യനും ഒരേ രീതിയിൽ ചലിച്ചുകൊണ്ടിരിക്കുന്നു. സൂര്യൻ നിത്യവും നിശ്ചിത രീതിയനുസരിച്ച് ഉദിക്കുന്നതിനെ കുറിച്ചും ദിക്കുകളോടു നീ ഉന്മത്തയാകാൻ അത് പറയിപ്പിക്കുന്നതിനെ കുറിച്ചും ചിന്തിക്കുക. നോക്കൂ! നമ്മളിൽ എത്ര അവസ്ഥകളാണുണ്ടാകുന്നത്. സൂര്യനുമേൽ മാറുന്ന ഒരു അവസ്ഥയുമുണ്ടാകുന്നില്ല. 2000 രൂപ വിലയുള്ള ഒരു വാച്ച്. അത് 12 നു പകരം പത്തും 10നു പകരം പന്ത്രണ്ടും അടിച്ചാൽ പോരായ്മയും ന്യൂനതയും മനസ്സിലാകുന്നതായിരിക്കും. പക്ഷേ, അല്ലാഹു സ്ഥാപിച്ചിട്ടുള്ള വാച്ച് എങ്ങനെയുള്ളതാണെന്നാൽ അതിൽ ഒരു അണുവിട വ്യത്യാസം വരുന്നില്ല. അതിന് ചാവി കൊടുക്കേണ്ട ആവശ്യമില്ല. വൃത്തിയാക്കേണ്ട ആവശ്യവുമില്ല. അങ്ങനെയുള്ള നിർമാതാവിന്റെ ശക്തി അളക്കാൻ പറ്റുമോ? മനുഷ്യൻ അത്ഭുതപ്പെട്ടുപോകുന്നു. നമ്മൾ ഉപയോഗിക്കുന്ന സാധനങ്ങൾ വസ്ത്രം, പാത്രം തുടങ്ങിയവ തേഞ്ഞുകൊണ്ടിരിക്കുന്നു. കുട്ടികൾ യുവാവും വൃദ്ധരുമായി മരിക്കുന്നു. പക്ഷേ, ഇന്നലെ ഉദിച്ച സൂര്യൻതന്നെ ഇന്നും ഉദിക്കുന്നു. എണ്ണിക്കണക്കാക്കാൻ പറ്റാത്ത കാലമായി ഇങ്ങനെ സംഭവിച്ചുകൊണ്ടിരിക്കുന്നു. സംഭവിച്ചുകൊണ്ടുപോകുന്നതുമായിരിക്കും. പക്ഷേ, അതിൽ ഒരു അവസ്ഥയും മാറുകയോ കാലത്തിന്റെ സ്വാധീനമുണ്ടാകുകയോ ചെയ്യുന്നില്ല. ഒരു കീടമായിക്കൊണ്ട് ആ അത്യുന്നതനായ ദൈവത്തിന്റേമേൽ ആക്രമണം നടത്തുകയെന്നത് എത്രമാത്രം നന്ദികേടാണ്; അല്ലാഹുവിൽ ഒരു ശക്തിയുമില്ലെന്ന് പെട്ടെന്നങ്ങ് വിധിക്കരുത്.

### പ്രവാചകന്മാരുടെ ദിവ്യാത്ഭുതങ്ങളുടെ ഉദ്ദേശ്യം

ഇസ്‌ലാമിന്റെ ദൈവം വലിയ ശക്തിമാനാണ്. അവന്റെ സർവശക്തിക്കുമേൽ ആക്ഷേപം ഉന്നയിക്കാൻ ആർക്കും അവകാശമില്ല. പ്രവാചകന്മാർക്ക് ദിവ്യദൃഷ്ടാന്തങ്ങൾ നല്കപ്പെടുന്നതിന്റെ കാരണം ഇതുതന്നെയാണ്. അതായത് മാനുഷികമായ പരിചയസമ്പത്തിന് തിരിച്ചറിയാൻ സാധിക്കുകയില്ല. മനുഷ്യൻ ആ അമാനുഷികമായ കാര്യം കാണുമ്പോൾ ഒരിക്കൽ അദ്ദേഹം അല്ലാഹുവിൽനിന്നുള്ളയാളാണെന്ന് പറയാൻ നിർബന്ധിതനായിത്തീരുന്നു. പക്ഷേ, തന്റെ ബുദ്ധിയുടെ വീരവാദം മുഴക്കുകയും ദൈവമഹത്വത്തിന്റെ ഇടവഴിയിൽ ചുവടുവെക്കാതിരിക്കുകയും ചെയ്യുമ്പോൾ ഇരുഭാഗത്തുനിന്നും വഴി അടഞ്ഞുപോകുന്നു. ഒരു ഭാഗത്ത് മുഅ്ജിസത്ത് അഥവാ ദിവ്യാത്ഭുതങ്ങളുടെ നിഷേധം. മറുഭാഗത്ത് ബുദ്ധിയുടെ വീരവാദം. ഇതിന്റെ ഫലമായി ആ അതിസൂക്ഷ്മമായ സത്ത അന്വേഷിച്ചു കണ്ടെത്തുന്നതിനുള്ള ചിന്തയിൽ അജ്ഞനായ മനുഷ്യൻ അന്വേഷണം തുടങ്ങുന്നു. അതുള്ളതാണങ്കിൽ മുഅ്ജിസത്തുകളുടെ അടിത്തട്ടിലാണ്. അതിന്റെ തത്ത്വജ്ഞാനം ഭൗമികമായ ബുദ്ധിയിലോ ഉപരിപ്ലവമായ ചിന്തകളിലോ തുറക്കുകയില്ല. ഇതുമുഖേന അവൻ നിഷേധത്തിലേക്ക് തിരിഞ്ഞ് തിരിഞ്ഞ് നുബുവ്വത്തിന്റെ ആത്മാവിനെതന്നെ നിഷേധിക്കുന്നവനായിത്തീരുന്നു. സംശയങ്ങളുടേയും ദുർബോധനങ്ങളുടേയും ഒരു വളരെ വലിയ ഖജനാവ് ശേഖരിക്കുന്നു. അത് അവന്റെ അരിഷ്ടതയ്ക്ക് നിമിത്തമായിത്തീരുന്നു. ഇയാൾ നമ്മെപോലുള്ള മനുഷ്യനാണെന്ന് ചിലപ്പോൾ പറയും, ഭക്ഷണം കഴിക്കുകയും വെള്ളം കുടിക്കുകയും മാനുഷികമായ ആവശ്യങ്ങളെല്ലാം ഉൾക്കൊള്ളുകയും ചെയ്യുന്നു. അയാളുടെ ശക്തി നമ്മെക്കാൾ കൂടുതലാകുന്നതെങ്ങനെ? അയാളുടെ ശക്തികളിൽ ആത്മീയതയുടെ ശക്തിയും ദുആകളിൽ സ്വീകാരത്തിന്റെ സ്വാധീനവും എങ്ങനെ പ്രത്യേകമായ രീതിയിൽ ഉണ്ടാകാനാണ്? അഹോ കഷ്ടം! ഇത്തരം കാര്യങ്ങൾ ഉണ്ടാകുകയും ആക്ഷേപിക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി ഞാനിപ്പോൾ പറഞ്ഞതുപോലെ നുബുവ്വത്തിന്റെ ആത്മാവിനെ നിഷേധിച്ചുകളയുന്നു. ചിന്തിക്കുകയും മനസ്സിലാക്കുകയും ചെയ്യേണ്ട സ്ഥാനമാണിത്; സാധാരണ നിലയിൽ വിശ്വസിക്കുന്നില്ല. അസാധാരണമായ നിലയിൽ ആക്ഷേപം ഉന്നയിക്കുകയും ചെയ്യുന്നു. ഇത് മനഃപൂർവവും വ്യക്തവുമായ നിലയിൽ പ്രവാചകന്മാരുടെ(അ) അസ്തിത്വത്തെ നിഷേധിക്കലല്ലെങ്കിൽ മറ്റെന്താണ്? ഈ ബുദ്ധികളിലും സാമർഥ്യങ്ങളിലും അഹങ്കരിക്കുകയാണോ? അതായത് തത്ത്വജ്ഞാനി എന്നു പറഞ്ഞുകൊണ്ട് നിരീശ്വരവാദിയോ ബിംബാരാധകനോ ആയിപ്പോയി. അല്ലാഹുവിന്റെ രഹസ്യമായ ശക്തികൾ ഒരിക്കലും ഇൽഹാമോ വഹ്‌യോ കൂടാതെ അതിന്റെ അത്ഭുതകൃത്യം കാണിക്കുകയില്ല. അത് വഹ്‌യുടേയും ഇൽഹാമിന്റേയും വർണത്തിലെ കാണാൻ കഴിയുകയുള്ളു

### നബിയെ തിരിച്ചറിയുന്നവനാണ് ബുദ്ധിമാൻ

ലോകത്ത് തന്റെ നബിയെ അയച്ചുവെന്നത് അല്ലാഹുവിന്റെ അനുഗ്രഹത്തിന്റേയും അവന്റെ റഹ്മാനിയ്യത്തിന്റേയും തേട്ടമാണ്. നബിയെ തിരിച്ചറിയുന്നവനാണ് ബുദ്ധിമാൻ. കാരണം അവൻ ദൈവത്തെ തിരിച്ചറിയുന്നു. അതിനെ നിഷേധിക്കുന്നവനാണ് വിഡ്ഢി. കാരണം നുബുവ്വത്തിന്റെ നിഷേധം ദൈവനിഷേധവുമായി ബന്ധപ്പെട്ടതാണ്. അല്ലാഹുവിന്റെ 'വൊലിയ്യി'നെ തിരിച്ചറിയുന്നവൻ നബിയെ തിരിച്ചറിയുന്നു. മറ്റു വാക്കുകളിൽ നബി ദൈവത്വത്തിനുള്ള ഇരുമ്പാണി എന്ന നിലയ്ക്കുള്ളതാണെന്ന് പറയാം: വൊലിയ്യ്, നബിയ്ക്കും. ഇനി അല്പം സമാധാനത്തോടെ ചിന്തിക്കുക; അല്ലാഹു 13 നൂറ്റാണ്ടു

(ശേഷം പേജ് 8ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

**2018 ഒക്ടോബർ 20 ശനിയാഴ്ച**

(തുടർച്ച......) ഹുദൂർ അതിരാവിലെ 6.15-ന് ഫിലാഡൽഫിയയിലെ മസ്ജിദ് ബൈയ്ത്തുൽ ആഫിയത്തിൽ ഫജ്ർ നമസ്കരിപ്പിച്ചു..

രാവിലെ ഓഫീസ് സംബന്ധമായ കത്തുകളും റിപ്പോർട്ടുകളും പരിശോധിച്ചു. 10 മണി വരെ ഓഫീസ് സംബന്ധമയ തിരക്കുകളിലായിരുന്ന ഹുസൂർ മസ്ജിദിലെ പുരുഷന്മാരുടെ ഹാളിലേക്ക് പോയി. മസ്ജിദിന്റെ വാതിലിൽ കനഡയിൽ നിന്ന് വന്ന രണ്ട് കുട്ടികൾ ഫാറാൻ ത്വാരിഖും സബീക ത്വാരിഖും നിൽക്കുന്നുണ്ടായിരുന്നു. ഇവർ സഹോദരനും സഹോദരിയുമായിരുന്നു. തങ്ങൾ വിശുദ്ധ ഖുർആൻ കാണാതെ പഠിക്കുകയാണെന്ന് ഹുദൂറിനോട് പറഞ്ഞു. ഹുദൂർ ചോദിച്ചപ്പോൾ ഏഴര ഭാഗം കാണാതെ പഠിച്ചു എന്ന് പറഞ്ഞു. സഹോദരി രണ്ടാമത്തെ ഭാഗം കാണാതെ പഠിക്കുന്നുവെന്നും പറഞ്ഞു. അവരിരുവരും ഹുദൂറിൽനിന്ന് സ്നേഹം കരസ്ഥമാക്കി. ശേഷം ഹാളിലെത്തിയ ഹുദൂർ ഫിലാഡൽഫിയ ജമാഅത്ത് മജ്‌ലിസെ ആമില അംഗങ്ങളോടൊപ്പം ഫോട്ടോ എടുത്തു. ഈ അവസരത്തിൽ പ്രാദേശിക ജമാഅത്തിലെ ചില ആഫ്രോ-അമേരിക്കൻ അഹ്മദികൾ ഹുദൂറിന് ഹസ്തദാനം ചെയ്തു. മസ്ജിദിന്റെ വാതിലിലൂടെ പുറത്ത് വന്നപ്പോൾ ഒരു യുവാവ് തന്റെ ചെറിയ കുട്ടിയെ എടുത്ത് നിൽക്കുകയായിരുന്നു. ഹുദൂർ അനുകമ്പയോടെ കുട്ടികൾക്ക് സ്നേഹം നൽകുകയും ആ കുട്ടിയുടെ കവിളിൽ അലയ്സല്ലാഹു ബികാഫിൻ അബ്ദുഹു എന്ന് മുദ്രണം ചെയ്ത മോതിരം മുട്ടിക്കുകയും ചെയ്തു.(അല്ലാഹു തന്റെ ദാസന് മതിയായവനല്ലേ). അപ്പോൾ ആ യുവാവിന് അനിയന്ത്രിതമായ സന്തോഷം ഉണ്ടായി. തുടർന്ന് ഹുദൂർ മസ്ജിദിന്റെ പുറത്തുള്ള കോമ്പൗണ്ടിലെത്തി. അവിടെ ഒരു ജനസഞ്ചയത്തിന്റെ സാന്നിധ്യം ഉണ്ടായിരുന്നു. പെൺകുട്ടികൾ ദുആകൾ അടങ്ങിയ ഗീതങ്ങൾ ആലപിക്കുന്നുണ്ടായിരുന്നു. മസ്ജിദ് കോമ്പൗണ്ടിൽ രണ്ട് ചെടികൾ ഹുദൂർ നട്ടു. ശേഷം താമസ സ്ഥലത്തേക്ക് മടങ്ങി.

**അമേരിക്കയിലെ ആദ്യത്തെ അഹ്മദിയെ കുറിച്ചുള്ള സ്മരണ:**

ഇന്ന് ഹുദൂർ ഫിലാഡൽഫിയാ (Philadelphia)യിൽ നിന്ന് ബാൾട്ടിമൂറിലേക്ക് പോകുന്ന ദിവസമായിരുന്നു. അവിടെ മസ്ജിദ് ബയ്ത്തുസ്സമദിന്റെ ഉൽഘാടനം നിർവ്വഹിച്ച ശേഷം വാഷിംഗ്ടണ്ണിലേക്ക് പോകാനുള്ള പ്രോഗ്രാമായിരുന്നു. പുറപ്പെടുന്നതിനു മുമ്പേ ആദ്യ അമേരിക്കൻ അഹ്മദി ഡോക്ടർ അന്തോണി ജോർജ് ബേക്കറി(Dr. Anthony George Baker)ന്റെ ഖബറിടത്തിൽ പോകാനുള്ള പ്രോഗ്രാമും ഉണ്ടായിരുന്നു. ഹുദൂർ 2018 ഒക്ടോബർ 19-ന് നൽകിയ ജുമുഅ ഖുത്ബയിൽ അദ്ദേഹത്തെ കുറിച്ച് സ്മരിച്ചിരുന്നു. ഹദറത്ത് വാഗ്ദത്ത മസീഹ് തന്റെ ഗ്രന്ഥമായ ബറാഹീനെ അഹ്മദിയ്യായുടെ അഞ്ചാം ഭാഗത്തിലും അദ്ദേഹത്തെ കുറിച്ച് രേഖപ്പെടുത്തിയിരുന്നു:

“അപ്രകാരംതന്നെ പല ഇംഗ്ലീഷുകാരും ഈ ജമാഅത്തിനെ വാഴ്ത്തി പറയുന്നവരാണ്. തങ്ങളുടെ ഇതിനോടുള്ള അടുപ്പത്തെ അവർ വെളിപ്പെടുത്തുന്നു. ഡോക്ടർ ബേക്കർ. അദ്ദേഹത്തിന്റെ പേര് എ. ജോർജ് ബേക്കർ. നമ്പർ-404-സെസ്കോയി ഹന്ന അവന്യൂ(Susquehanna Avenue) ഫിലാഡൽഫിയ അമേരിക്ക എന്നാണെന്ന് റിവ്യൂ ഓഫ് റിലീജ്യൻസ് മാഗസീനിൽ എന്റെ പേരും സ്മരണയും വായിച്ചതിന് ശേഷം എനിക്കെഴുതിയ കത്തിൽ എഴുതിയിരുന്നത്. അദ്ദേഹത്തിന്റെ വാക്കുകൾ ഇപ്രകാരമായിരുന്നു: ‘എനിക്ക് നിങ്ങളുടെ ഇമാമിന്റെ ചിന്താഗതികളോട് പൂർണ്ണ യോജിപ്പുണ്ട്. നബി(സ) തിരുമേനി സമർപ്പിച്ച അതേ രീതിയിലാണ് അദ്ദേഹവും ഇസ്ലാമിനെ സമർപ്പിച്ചിട്ടുള്ളത്. (റൂഹാനി ഖസാഇൻ, വാല്യം-21, ബറാഹീനെ അഹ്മദിയ്യ, ഭാഗം 5, പേജ് 106)

1920 ജൂലായ് 22 ന് ഇറങ്ങിയ അൽ ഫള്‌ലിൽ ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ് (റ) അമേരിക്കയിൽ നിന്നയച്ച റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു. അതിൽ അദ്ദേഹം ഫിലാഡൽഫിയയിലെ ഡോക്ടർ ബേക്കറിന്റെ ഇസ്ലാം ആശ്ലേഷിച്ച വിവരവും താഴെ ചേർക്കുന്നതുപോലെ ഉൾക്കൊള്ളിച്ചിരുന്നു:

അമേരിക്കയിൽ പ്രവേശിച്ചതിനുശേഷം ഈ വിനീതന് വിദ്വേഷം പുലർത്തിയിരുന്ന ക്രൈസ്തവരിൽനിന്ന് വലിയ ബുദ്ധിമുട്ടുകളും തടസ്സങ്ങളും നേരിടേണ്ടി വന്നെങ്കിലും വളരെയധികം വിജയങ്ങളും ലഭിക്കുകയുണ്ടായി. സകല സ്തുതിയും അല്ലാഹുവിന്നാണ്. ഈ സമയത്ത് 29 പുതിയ ചുറുചുറുക്കുള്ള വ്യക്തികൾ ഈ വിനീതന്റെ തബ്‌ലീഗിലൂടെ ഈ അടിയുറച്ച ദീനിൽ പ്രവേശിച്ചിട്ടുണ്ട്. അവരുടെ നാമം കൂടെ പുതുതായി സ്വീകരിച്ച നാമത്തോടുകൂടി ചുവടെ ചേർക്കുന്നു.

‘1.ഡോക്ടർ ജോർജ് ബേക്കർ, മിസ്റ്റർ അഹ്മദ് ആന്റേഴ്സൺ. ഇവർ രണ്ടുപേർക്കും ഒരു കാലംവരെ ഞാനുമായി കത്തിടപാടുണ്ടായിരുന്നു. ഇസ്ലാം സ്വീകരിച്ചിട്ടും കുറച്ചു കാലമായി. ആത്മാർഥരായ മുസ്ലിമീങ്ങളാണ്. അവരുടെ പേര് ഈ ലിസ്റ്റിന്റെ ആദ്യം തന്നെ ചേർക്കേണ്ടത് അനിവാര്യമാണെന്ന് ഞാൻ മനസ്സിലാക്കുന്നു.’ ശേഷം അദ്ദേഹം മറ്റ് വ്യക്തികളുടേയും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

ഡോക്ടർ ബേക്കറിന്റെ വഫാത്ത് 1918-ലായിരുന്നു. പ്രാദേശിക ജമാഅത്ത്, ബന്ധപ്പെട്ട വകുപ്പുമായി ബന്ധപ്പെടുകയും നൂറ് വർഷം പുരാതനമായ റെക്കോർഡ് പരിശോധിച്ച് ഖബർ അന്വേഷിക്കുകയും ചെയ്തു. ഫിലാഡൽഫിയയിലെ ലോറൽ ഹില്ലിലാണ് അദ്ദേഹത്തിന്റെ ഖബർ സ്ഥിതി ചെയ്യുന്നത്.

**ഫിലാഡൽഫിയയിൽ നിന്ന് പുറപ്പെടലും ജോർജ് ബേക്കറിന്റെ ഖബ്റിടത്തിൽ ദുആയും:**

11.20-ന് താമസസ്ഥലത്തു നിന്ന് പുറത്തുവന്ന ഹുദൂറിന് യാത്രയയപ്പ് നൽകാൻ രാവിലെ മുതൽ തന്നെ ബയ്ത്തുൽ ആഫിയത്തിന്റെ പരിസരത്ത് വലിയൊരു ജനാവലി തടിച്ചു കൂടിയിരുന്നു. കുട്ടികൾ സംഘമായി യാത്രാ മംഗളം നേരുന്ന കവിത ആലപിച്ചു കൊണ്ടിരുന്നു. ദുആക്ക് നേതൃത്വം നൽകിയ ഹുദൂർ കൈയുയർത്തി എല്ലാവരോടും അസ്സലാമു അലയ്ക്കും എന്ന് പറഞ്ഞു യാത്ര പുറപ്പെട്ടു. പോലീസ് വാഹനം ഹുദൂറിന് എസ്കോർട്ട് നൽകുന്നുണ്ടായിരുന്നു.

11.35-ന് ഖബ്വബ്റിസ്ഥാനിലെത്തി. മർഹൂം ജോർജ് ബേക്കർ സാഹിബിന്റെ ഖബ്റിടത്തിൽ ഹുദൂർ ദുആ ചെയ്തു. ഈ അവസരത്തിൽ ഹുദൂർ ഫിലാഡൽഫിയ ജമാഅത്ത് സ്വദ്ർ മുജീബുല്ലാഹ് ചൗദരി സാഹിബിനോട് മർഹൂമിന്റെ ഖബ്ർ എങ്ങനെ കണ്ടെത്തിയെന്ന് അന്വേഷിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തെ കുറിച്ച് രേഖപ്പെടുത്തിയ ഗ്രന്ഥത്തിൽ പൂർണ്ണ വിലാസം നൽകിയിരുന്നതായി അദ്ദേഹം പറഞ്ഞു. ഈ വിലാസം മുഖേന പ്രാദേശിക ഭരണകൂടത്തിൽ നിന്നും കൗൺസിലിൽനിന്നും മറ്റും നൂറ് വർഷ പുരാതന റെക്കോർഡെടുക്കുകയും ഖബ്ർ അന്വേഷിക്കുകയുമാണ് ഉണ്ടായത്.

താൻ ഏതൊരു മസീഹിന്റെ കൈയിലാണോ ബയ്അത്ത് ചെയ്തത് അദ്ദേഹത്തിന്റെ ഒരു ഖലീഫ നൂറു വർഷത്തിനുശേഷം അദ്ദേഹത്തിന്റെ ഖബ്റിടത്തിൽ വരുമെന്നും അദ്ദേഹത്തിനു വേണ്ടി ദുആ ചെയ്യുമെന്നും മർഹൂം ഡോക്ടർ ജോർജ് ബേക്കർ സാഹിബ് ഒരിക്കലും ചിന്തിക്കപോലും ചെയ്യാത്ത കാര്യമായിരിക്കും. ഇത് അല്ലാഹുവിന്റെ അനുഗ്രഹമാണ്. താനിച്ഛിക്കുന്നവർക്ക് അവനിത് നൽകുന്നു.

ശേഷം ഇവിടെ നിന്ന് പുറപ്പെടുകയും പട്ടണത്തിന് പുറത്തു പോകാൻ തിരെഞ്ഞെടുത്ത മാർഗം കപ്പലുകൾ നങ്കൂരമിടുന്ന മേഖലയിലൂടെയായിരുന്നു. ഹദ്റത്ത് മുഫ്ത്തി മുഹമ്മദ് സ്വാദിഖ് സാഹിബ് 1920-ൽ സഞ്ചരിച്ചു വന്ന കപ്പൽ ഇവിടെയായിരുന്നു നങ്കൂരമിട്ടത്. അദ്ദേഹം പുറത്തു വന്നപ്പോൾ അറസ്റ്റ് ചെയ്യപ്പെടുകയുണ്ടായി. ഇവിടെ കുറച്ചു നേരം ഹുദൂർ നിന്നു. മുഫ്ത്തി സാഹിബ് അറസ്റ്റ് ചെയ്യപ്പെട്ട ഇടം അധികാരികൾ കാണിച്ചു കൊടുത്തു. തുടർന്ന് ബാൾട്ടി മൂറിലേക്ക് പോലീസ് അകമ്പടിയോടെ ഹുദൂർ പുറപ്പെട്ടു. പെൻസിൽവാനിയ സ്റ്റേറ്റിന്റെ അതിർത്തിയിൽ അവിടുത്തെ പോലീസാണ് എസ്കോർട്ട് നൽകിയിരുന്നത്; തുടർന്ന് ഡെലാവേർ സ്റ്റേറ്റിൽ പ്രവേശിച്ചപ്പോൾ അവിടുത്തെ പോലീസും. തുടർന്ന് മേരിലാന്റിൽ പ്രവേശിച്ചപ്പോൾ അവിടുത്തെ പോലീസും എസ്കോർട്ട്

(ശേഷം പേജ് 11ൽ)

‘മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.’
(ഖുത്ബാത്തെ മസ്‌റൂർ, വാല്യം 3, പേജ് 565)
അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

“വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്.”
(ജുമുഅ ഖുത്ബ 25-7-2014)
അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

# ഖുത്ബ ജുമുഅ

അല്ലാഹുവിന്റെ പരിധികളെ ലംഘിക്കാൻ പാടില്ല. അതിന്റെ ഉള്ളിലിരിക്കേണ്ടതാണ്. ഇത് ഓരോ അഹ്മദിയും തന്റെ മുന്നിൽ വെക്കേണ്ടതാണ്. അനുസരണത്തിന്റെ വൃത്തത്തിനുള്ളിൽ ഇരിക്കേണ്ടതാണ്.

അല്ലാഹുവിനെ ഭയപ്പെടുക. അതുപോലെ അല്ലാഹുവിലും അവന്റെ എല്ലാ തരത്തിലുള്ള നന്മ തിന്മകളിലും വിധിയിലും വിശ്വസിക്കാത്തിടത്തോളം ഭയഭക്തി കരസ്ഥമാക്കാൻ ഒരിക്കലും സാധിക്കുകയില്ല എന്നും നീ മനസ്സിലാക്കുക. ഈ വിശ്വാസത്തോടെയല്ലാതെ നീ മരിക്കുകയാണെങ്കിൽ നീ നരകത്തിലായിരിക്കും പ്രവേശിക്കുക.

ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബി ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്ത്(റളിയല്ലാഹുഅൻഹു)ന്റെ അനുഗൃഹീത ജീവചരിത്ര വിവരണം

അല്ലാഹു ഈ സ്വഹാബിമാരുടെ പദവികൾ ഉയർത്തമാറാകട്ടെ. അവർ നമ്മുടെ ആത്മീയമായ അറിവിനു പുറമെ നമ്മുടെ കർമപരമായ ജീവിതം ധന്യമാക്കുന്നതിന് ആവശ്യമുള്ള ചിലകാര്യങ്ങളും എത്തിച്ചുതന്നു.

ഖിലാഫത്തിന്റെ അഭിമാനം ഉൾക്കൊള്ളുകയും ദീനിനെ മുന്തിക്കുകയും സകലവും അല്ലാഹുവിൽ ഭരമേല്പിക്കുകയും സൽസ്വഭാവിയും കവിയും സാഹിത്യകാരനും ഉന്നതനായ സംഘാടകനും ധൈര്യവാനുമായ അഹ്മദി ആദരണീയനായ ത്വാഹിർ ആരിഫ് സാഹിബിന്റെ വഫാത്തും അദ്ദേഹത്തെ കുറിച്ചുള്ള അനുസ്മരണവും ജനാസ നമസ്കാരവും.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2019 സെപ്റ്റംബർ 06/1398 തബൂക് 06**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് സിർറി (യു.കെ)**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ
غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

കഴിഞ്ഞ ഖുത്ബയിൽ ഞാൻ ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്തിനെക്കുറിച്ച് വിവരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അത് പൂർത്തിയായിരുന്നില്ല. അദ്ദേഹത്തെക്കുറിച്ചുള്ള കൂടുതൽ സംഭവങ്ങളും നിവേദനങ്ങളും ഇപ്പോൾ വിവരിക്കുകയാണ്. ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു, അബ്ദുല്ലാഹ് ബിൻ ഉബയ്യിന്റെ വാക്ക് കേട്ട അയാളുടെ സഖ്യകക്ഷകളിൽപ്പെട്ട യഹൂദ ഗോത്രമായ ബനൂഖയ്നഖാ മുസ്‌ലിമീങ്ങളുമായി യുദ്ധം ചെയ്തപ്പോൾ ഹദ്റത്ത് ഉബാദ(റ)യും അബ്ദുല്ലാഹ് ബിൻ ഉബയ്യിനെപോലെ അവരുടെ സഖ്യകക്ഷിയായിരുന്നു. എന്നാൽ, ആ യുദ്ധം കാരണമായി അദ്ദേഹം (ഹദ്റത്ത് ഉബാദ) അല്ലാഹുവിനും അവന്റെ റസൂലിനുംവേണ്ടി ആ ഗോത്രവുമായുള്ള ബന്ധം ഉപേക്ഷിക്കുകയുണ്ടായി. ചരിത്രത്തിൽ എഴുതിയിരിക്കുന്നു, അപ്പോഴാണ് ഈ ആയത്ത് ഇറങ്ങിയത്. *യാ അയ്യുഹല്ലദീന ആമനൂ ലാ തത്തഖിദുൽ യഹൂദ വന്നസ്വാറാ ഔലിയാഅ ബഅ്ളുഹും ഔലിയാഉ ബഅ്ളിൻ വമൻയ്യത്തവല്ലഹും മിൻകും ഫഇന്നഹൂ മിൻഹും ഇന്നല്ലാഹ ലാ യഹ്ദിൽ ഖൗമൽ ള്ളാലിമീൻ*(5:52) വിശ്വസിച്ചവരേ! നിങ്ങൾ ജൂതന്മാരേയും ക്രിസ്ത്യാനികളേയും മിത്രങ്ങളാക്കി വെക്കരുത്. അവരിൽ ചിലർ ചിലരുടെ മിത്രങ്ങളാണ്. നിങ്ങളിൽനിന്ന് ആര് അവരെ മിത്രങ്ങളാക്കുന്നുവോ അവൻ അവരിൽ പെട്ടവൻ തന്നെയായിരിക്കും. തീർച്ചയായും അല്ലാഹു അധർമികളായ ജനങ്ങൾക്ക് വിജയമാർഗം കാണിച്ചുകൊടുക്കുകയില്ല. (അൽ ഇസ്വാബ ഫീ തമീസി സ്സ്വഹാബ ലിഇബ്നി ഹജ്ർ അസ്ഖലാനീ, വാള്യം 3, പേജ് 506, ഉബാദ ബിൻ സ്വാമിത്ത്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2005).

ഇവിടെ ഒരു കാര്യം ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഇതിന്റെ അർഥം ഒരിക്കലും ക്രിസ്ത്യാനികൾക്കും യഹൂദികൾക്കും ഫലം ചെയ്യുന്ന ഒരു കാര്യവും ചെയ്യാൻ പാടില്ല എന്നല്ല. ഒരിക്കലും അവരുമായി ബന്ധം വെക്കരുതെന്നുമല്ല. പ്രത്യുത അതിന്റെ ഉദ്ദേശ്യം നിങ്ങളോടു യുദ്ധം ചെയ്യുന്ന അവസ്ഥയിലുള്ള യഹൂദികളുമായും ക്രിസ്ത്യാനികളുമായും സ്നേഹബന്ധം പുലർത്തരുതെന്നാണ്. മറ്റൊരു സ്ഥലത്ത് അല്ലാഹു വ്യക്തമാക്കി, നിങ്ങളോടു യുദ്ധം ചെയ്യാത്തവരോടു നന്മ ചെയ്യുന്നതിൽനിന്നും നീതിപുലർത്തുന്നതിൽ നിന്നും അല്ലാഹു നിങ്ങളെ തടയുന്നില്ല. അല്ലെങ്കിൽ നിങ്ങളെ നിങ്ങളുടെ വീട്ടിൽനിന്ന് പുറത്താക്കാത്തവരോടു; അവർ കാഫിറാകട്ടെ. അല്ലെങ്കിൽ യഹൂദി, നസ്റാണികളിൽപ്പെട്ടവരാവട്ടെ. അല്ലാഹു പറയുന്നു: *ലാ യൻഹാക്കുമുല്ലാഹു അനില്ലദീന ലം യുഖാത്തിലൂക്കും ഫിദ്ദീനി വലം യുഖ്രിജൂക്കും മിൻ ദിയാരിക്കും അൻ അബർറൂഹും വ തുഖ്സിത്വൂ ഇലയ്ഹിം ഇന്നല്ലാഹ യുഹിബ്ബുൽമുഖ്സ്ത്വീൻ* (60:9) മതം കാരണത്താൽ നിങ്ങളുമായി യുദ്ധം ചെയ്തിട്ടില്ലാത്തവരും നിങ്ങളുടെ ഭവനങ്ങളിൽനിന്ന് നിങ്ങളെ ബഹിഷ്കരിച്ചിട്ടില്ലാത്തവരുമായവരെപറ്റി, നിങ്ങളവർക്ക് നന്മ ചെയ്യുന്നതും അവരുമായി നീതിപൂർവം വർത്തിക്കുന്നതും അല്ലാഹു നിങ്ങളോടു വിരോധിക്കുന്നില്ല. തീർച്ചയായും നീതിപാലിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നു.

അതിനാൽ ഇവിടെ വ്യക്തമാക്കപ്പെട്ടിരിക്കുന്നത് ദൗർബല്യവും ഭയവും ഭീരുത്വവും കാരണത്താൽ അമുസ്‌ലിമീങ്ങളോടു ബന്ധങ്ങൾ വെക്കരുത്. ഉദ്ദേശ്യമിതാണ്, അല്ലാഹുവിൽ നിങ്ങൾക്ക് തവക്കുൽ ഉണ്ടായിരിക്കേണ്ടതാണ്. സ്വന്തം ഈമാനികാവസ്ഥ മെച്ചപ്പെടുത്തുകയാണെങ്കിൽ അല്ലാഹുവും നിങ്ങളോടൊപ്പം ഉണ്ടായിരിക്കുന്നതാണ്. പക്ഷേ, ഇന്ന് നമ്മൾ കാണുന്നത് ദൗർഭാഗ്യവശാൽ മുസ്‌ലിം ഭരണകൂടങ്ങൾ അതേ അന്യരായവരുടെ മടിത്തട്ടിൽ വീണുകൊണ്ടിരിക്കുന്നതാണ്. അവരെ ഭയപ്പെടുന്നതുമുണ്ട്. അന്യരിൽനിന്ന് സഹായം വാങ്ങുന്ന കാരണത്താൽ എല്ലാ ഓരോ മുസ്‌ലിം രാജ്യവും മറ്റു മുസ്‌ലിമീങ്ങൾക്കെതിരാണ്; ഇക്കൂട്ടർതന്നെയാണ് പിന്നീട് മുസ്‌ലിമീങ്ങളുടെ വേരുകൾ അറുക്കുന്നവരും. എന്തായാലും നമ്മൾ ദുആ ചെയ്യുന്നു, അല്ലാഹു ഈ മുസ്‌ലിം ഭരണകൂടങ്ങൾക്കും ബുദ്ധി നല്കുമാറാകട്ടെ. ബനൂഖയ്നഖാഅ് യുദ്ധം ചെയ്തപ്പോൾ അതിനുശേഷം അവർ വിരോധിക്കപ്പെട്ട കാര്യമാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. യുദ്ധം നടന്നു അവർ പരാജയപ്പെട്ടു. സീറത്തുഖാത്തുമുന്നബിയ്യീനിൽ ഈ സംഭവം വിവിധ ചരിത്രങ്ങളിൽനിന്നെടുത്ത് പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്, ഈ യുദ്ധത്തിനുശേഷം ബനൂഖയ്നഖാഅ് പരാജയപ്പെട്ടപ്പോൾ അവർക്ക് നാടുവിട്ടുപോകാൻ കല്പന നല്കപ്പെട്ടു. ഇതിന്റെ വിശദീകരണം ഇങ്ങനെയാണ്, ബദ്ർ യുദ്ധം കഴിയുകയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുസ്‌ലിമീങ്ങൾ ന്യൂനപക്ഷവും നിരായുധരുമായിരുന്നിട്ടും ഖുറയ്ശികളുടെ വൻ സൈന്യത്തിനുമേൽ വിജയം വരിക്കുകയും അവരുടെ ഉന്നത നേതാക്കൾ നിലംപതിക്കുകയും ചെയ്തപ്പോൾ യഹൂദികളുടെ ഉള്ളിൽ മറഞ്ഞിരുന്ന അസൂയയുടെ അഗ്നി ആളിക്കത്തി. അവർ മുസ്‌ലിമീങ്ങൾക്കെതിരിൽ തുറന്ന നിലയിൽ പ്രകോപനങ്ങൾ തുടങ്ങി. 'ഖുറയ്ശികളുടെ സൈന്യത്തെ തോല്പിക്കുക എന്നത് അത്ര വലിയ കാര്യമൊന്നുമല്ല, ഞങ്ങളോടേറ്റുമുട്ടുകയാണെങ്കിൽ എങ്ങനെയാണ് യുദ്ധം ചെയ്യുക എന്ന് ഞങ്ങൾ പറഞ്ഞു കൊടുക്കാം' എന്ന് അവർ സദസ്സുകളിൽ പരസ്യമായി വീമ്പിളക്കാൻ തുടങ്ങി. ഏതുവരെയെന്നാൽ ഒരു സദസ്സിൽ നബി(സ)തിരുമേനിയുടെ മുഖത്തുനോക്കി അവർ ഇത്തരത്തിലുള്ള വാക്കുകൾ പറയുകയുണ്ടായി. നിവേദനത്തിൽ വന്നിരിക്കുന്നു, ബദ്ർ യുദ്ധത്തിനുശേഷം നബി(സ)തിരുമേനി മദീനയിലെത്തിയപ്പോൾ അവിടന്ന് ഒരു ദിവസം യഹൂദികളെ ഒരുമിച്ചുകൂട്ടി ഉപദേശം നല്കി. തന്റെ വാദം അവതരിപ്പിച്ചുകൊണ്ട് ഇസ്‌ലാമിലേക്ക് അവരെ ക്ഷണിച്ചു. സമാധാനപരവും സഹതാപപരവുമായ അവിടത്തെ പ്രസംഗത്തിന് യഹൂദനേതാക്കന്മാർ ഈ വാക്കുകളിൽ മറുപടി നല്കി: 'മുഹമ്മദേ! താങ്കൾ കുറച്ചു ഖുറയ്ശികളെ വധിച്ച് അഹങ്കാരിയായിരിക്കുകയാണ്. അവർ യുദ്ധമുറകൾ അറിയാത്തവരാണ്. ഞങ്ങളുമായി നിങ്ങൾ പോരാടുകയാണെങ്കിൽ യുദ്ധം ചെയ്യുന്നവർ ഇങ്ങനെയുള്ളവരാണെന്ന്

താങ്കൾ തിരിച്ചറിയുന്നതായിരിക്കും.' യഹൂദികൾ വെറും പൊതുവായ ഈ ഭീഷണിപ്പെടുത്തലിൽ കാര്യങ്ങൾ അവസാനിപ്പിച്ചില്ല. മറിച്ച് എഴുതിയിരിക്കുന്നു, അവർ നബി(സ)തിരുമേനിയെ വധിക്കാനുള്ള പദ്ധതി കൂടി ആരംഭിച്ചിരുന്നതായി മനസ്സിലാകുന്നു. കാരണം നിവേദനം വന്നിരിക്കുന്നു, ആ ദിനങ്ങളിൽ ഒരു ആത്മാർഥ സ്വഹാബിയായ ത്വൽഹ ബിൻ ബറാഅ് മരണാസന്നനായിരിക്കുമ്പോൾ അദ്ദേഹം വസിയ്യത്ത് ചെയ്തു: 'ഞാൻ രാത്രിയിലാണ് മരിക്കുന്നതെങ്കിൽ ജനാസ നമസ്കരിക്കുന്നതിന് നബി(സ) തിരുമേനിയെ അറിയിക്കരുത്. ഞാൻ കാരണം നബി(സ)തിരുമേനിയ്ക്ക് യഹൂദികളിൽനിന്ന് എന്തെങ്കിലും അപകടം ഉണ്ടാകാൻ പാടില്ല.' അതായത് അദ്ദേഹം രാത്രിനേരത്ത് ജനാസ നമസ്കരിപ്പിക്കാൻ വന്നാൽ യഹൂദികൾക്ക് അവിടത്തെമേൽ ആക്രമണം നടത്താൻ അവസരം ലഭിച്ചേക്കാം. എന്തായാലും ബദ്ർ യുദ്ധത്തിനു ശേഷം യഹൂദികൾ പരസ്യമായി ശല്യംചെയ്യാൻ തുടങ്ങി. കാരണം യഹൂദികളിൽ ബനൂ ഖയ്നഖാഅ് ഗോത്രം ഏറ്റവും വലിയ ശക്തരും ധീരരുമായിരുന്നു. അതുകൊണ്ട് ഏറ്റവുമാദ്യം അവരുടെ ഭാഗത്തു നിന്നാണ് കരാർ ലംഘനമുണ്ടായത്. അതുകൊണ്ടുതന്നെ ചരിത്രകാരൻമാർ എഴുതുന്നു: 'നബി(സ)തിരുമേനിക്കും അവർക്കുമിടയിലുണ്ടായിരുന്ന കരാർ ഏറ്റവും ആദ്യം ലംഘിച്ചത് ബനൂ ഖയ്നഖാഅ് ഗോത്രമായിരുന്നു. മാത്രമല്ല ബദ്റിനു ശേഷം അവർ വലിയ ധിക്കാരത്തോടെ പെരുമാറാൻ തുടങ്ങിയിരുന്നു. പരസ്യമായി അസൂയയും വിദ്വേഷവും പ്രകടിപ്പിച്ചുകൊണ്ട് എല്ലാ ഉടമ്പടികളും അവർ ലംഘിച്ചു.'

എന്നാൽ, ഇത്തരത്തിലുള്ള സംഭവങ്ങളൊക്കെയുണ്ടായിട്ടും മുസ്‌ലിമീങ്ങൾ അവരുടെ യജമാനനായ നബി(സ)തിരുമേനിയുടെ നിർദേശത്തിനു വിധേയരായി എല്ലാ വിധത്തിലും ക്ഷമയോടെ പ്രവർത്തിച്ചു. തങ്ങളുടെ ഭാഗത്തു നിന്ന് ആദ്യം കൈകടത്തലുണ്ടാകാൻ വിട്ടില്ല. എന്നല്ല ഹദീഥുകളിൽ വന്നിരിക്കുന്നത് യഹൂദികളുമായുണ്ടാക്കിയ കരാറിനു ശേഷം നബി(സ)തിരുമേനി അവരോട് ഔദാര്യപൂർവ്വമാണ് പെരുമാറിയിരുന്നത് എന്നാണ്. ഒരിക്കൽ ഒരു മുസ്‌ലിമും യഹൂദിയും തമ്മിൽ അഭിപ്രായ ഭിന്നത ഉണ്ടായി. യഹൂദി എല്ലാ നബിമാരെക്കാളും ശ്രേഷ്ഠനാണ് മൂസാ എന്നു പറഞ്ഞു. അതു കേട്ട് സ്വഹാബിക്ക് ദ്വേഷം വന്നു. അയാൾ യഹൂദിയോടു അതിക്രമം കാണിച്ചു. നബി(സ) തിരുമേനിയാണ് ശ്രേഷ്ഠനെന്ന് പറഞ്ഞു. ഈ സംഭവം നബി(സ)തിരുമേനി അറിഞ്ഞപ്പോൾ നബി(സ)തിരുമേനി വെറുപ്പ് പ്രകടിപ്പിച്ചു. ആ സ്വഹാബിയെ ശകാരിച്ചു. താങ്കൾ അല്ലാഹുവിന്റെ പ്രവാചകന്മാരുടെ പരസ്പര ശ്രേഷ്ഠത പറഞ്ഞു നടക്കുന്നതെന്തിനാണെന്ന് ചോദിച്ചു. പിന്നീട് അവിടന്ന് മൂസായുടെ ഒരു ഭാഗികമായ ശ്രേഷ്ഠത വിവരിച്ചുകൊണ്ട് യഹൂദിയെ സമാധാനിപ്പിച്ചു. എന്നാൽ, സാന്ത്വനപരമായ ആ പെരുമാറ്റമുണ്ടായിട്ടും യഹൂദികൾ അവരുടെ ദുഷ്ട പ്രവൃത്തികളിൽ മുന്നേറുകയും ഒടുവിൽ യഹൂദികളുടെ ഭാഗത്തു നിന്നുതന്നെ യുദ്ധത്തിന് ആരംഭം കുറിക്കുകയും ചെയ്തു. അതിപ്രകാരമാണുണ്ടായത്; ഒരു മുസ്‌ലിം സ്ത്രീ അങ്ങാടിയിലുള്ള ഒരു യഹൂദിയുടെ കടയിൽ നിന്ന് സാധനം വാങ്ങുവാൻ പോയി. ദുഷ്ടന്മാരായ ചില യഹൂദികൾ ആ കടയിൽ ഇരിക്കുന്നുണ്ടായിരുന്നു. അവർ ആ സ്ത്രീയോട് തെമ്മാടിത്തരം കാണിക്കുകയും ശല്യപ്പെടുത്തുകയും ചെയ്തു. കടയുടമ സ്വയം ആ സ്ത്രീ അറിയാതെ അവരുടെ അരയുടുപ്പ് എവിടെയോ ഉടക്കിവച്ചു. ആ സ്ത്രീ അവരുടെ തെമ്മാടിത്തരം കണ്ടുകൊണ്ട് അവിടെ നിന്നെഴുന്നേറ്റു പോകാൻ ശ്രമിച്ചപ്പോൾ വസ്ത്രം ഉടക്കി അഴിഞ്ഞുപോയി. അതു കണ്ട് ആ യഹൂദിയായ കടയുടമയും അയാളുടെ കൂട്ടുകാരും ചേർന്ന് പരിഹസിച്ചു ചിരിക്കുവാൻ തുടങ്ങി. മുസ്‌ലിം സ്ത്രീ ലജ്ജിതയായി. സഹായമാവശ്യപ്പെട്ടുകൊണ്ട് ആർത്തുവിളിക്കുകയും ചെയ്തു. യാദൃശ്ചികമായി ഒരു മുസ്‌ലിം അവിടെ സമീപത്തുതന്നെയുണ്ടായിരുന്നു. അയാൾ തദവസരത്തിൽ ചാടിവീഴുകയും അതേതുടർന്ന് കലഹം ആരംഭിക്കുകയും ചെയ്തു. യഹൂദി കടയുടമ മരണപ്പെട്ടു. അപ്പോൾ നാലുഭാഗത്തു നിന്ന് ആ മുസ്‌ലിമിന്റെമേൽ വാളുകൊണ്ടുള്ള ആക്രമണമുണ്ടായി. ആ ധീരനായ മുസൽമാൻ അവിടെതന്നെ നിലംപതിച്ചു. ശഹീദായി. മറ്റു മുസ്‌ലിമീങ്ങൾ ഈ സംഭവം അറിഞ്ഞപ്പോൾ അവരുടെയും സാമൂഹിക അഭിമാനരോഷം ആളിക്കത്തി. മറുവശത്ത് ജൂതന്മാർ ഇക്കാരണം പറഞ്ഞുകൊണ്ട് യുദ്ധത്തിന് ആഗ്രഹിച്ചിരിക്കുകയായിരുന്നു. അവർ ഒരുമിച്ചു കൂടുകയും അങ്ങനെ ഒരു യുദ്ധാന്തരീക്ഷം രൂപം കൊള്ളുകയും ചെയ്തു.

നബി(സ)തിരുമേനിക്ക് ഇതിനെക്കുറിച്ചുള്ള അറിവു ലഭിച്ചപ്പോൾ അവിടന്ന് ബനൂ ഖയ്നഖായുടെ നേതാക്കന്മാരെ വിളിച്ചു കൂട്ടി. എന്നിട്ടു അവരോടു പറഞ്ഞു: 'ഈ രീതി ശരിയല്ല. നിങ്ങൾ ഉപദ്രവത്തിൽനിന്ന് പിന്മാറുകയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക. അവർ അതിനു മറുപടിയായി ഖേദപ്രകടനം നടത്തുന്നതിനു പകരം അങ്ങേയറ്റത്തെ അഹങ്കാരത്തോടും ധിക്കാരത്തോടും കൂടി മറുപടി പറയുകയാണ് ചെയ്തത്. എന്നിട്ട് വീണ്ടും ആ ഭീഷണിതന്നെ ആവർത്തിച്ചു. അതായത് 'ബദ്റിന്റെ വിജയത്തിൽ നിങ്ങൾ അഹങ്കരിക്കരുത്. ഞങ്ങളോടേറ്റുമുട്ടുമ്പോൾ ശരിക്കും യുദ്ധംചെയ്യുന്നവർ എപ്രകാരമായിരിക്കുമെന്ന് നിങ്ങൾക്കു മനസ്സിലാകും.' ചുരുക്കത്തിൽ, ഒരു നിവൃത്തിയുമില്ലാതായപ്പോൾ അവിടന്ന് സ്വഹാബാക്കളെയും കൂട്ടി ബനൂ ഖയ്നഖായുടെ കോട്ടയെ ലക്ഷ്യമാക്കി നീങ്ങി. ഇപ്പോൾ അവരുടെ ചെയ്തികളിൽ വെപ്രാളപ്പെടാനുള്ള അവസാന അവസരമായിരുന്നു ഇത്. നബി(സ)തിരുമേനി സ്വഹാബക്കളേയും കൂട്ടി പോയപ്പോൾ യഹൂദികൾ, അവർ ചെയ്ത അതിക്രമങ്ങളിൽ വെപ്രാളപ്പെടുകയും ഐക്യത്തിലേക്ക് ചായുകയുമായിരുന്നുവേണ്ടിയിരുന്നത്. എന്നാൽ, അവർ മുന്നിൽനിന്ന് യുദ്ധം ചെയ്യാൻ താൽപര്യം കാണിച്ചു. എന്തായലും യുദ്ധത്തിന്റെ വിളംബരമുണ്ടായി. ഇസ്‌ലാമിന്റേയും യഹൂദികളുടേയും ശക്തികൾ പരസ്പരം മുഖാമുഖം വന്നു. അക്കാലത്തെ സമ്പ്രദായമനുസരിച്ച് യുദ്ധത്തിന്റെ ഒരു രീതി പുറത്തിറങ്ങാതെ തങ്ങളുടെ കോട്ടകളിൽ സുരക്ഷിതരായി ഇരിക്കുക എന്നതായിരുന്നു. എതിർകക്ഷികൾ കോട്ടകൾ ഉപരോധിക്കും. അക്രമികൾ അവരെ പുറത്തിറങ്ങാൻ അനുവദിക്കാതെ തടഞ്ഞു വെക്കും. അവസരത്തിനൊത്ത് പരസ്പരം ആക്രമണവും നടത്തിയിരുന്നു. ഏതുവരെ എന്നാൽ ഉപരോധം നടത്തിയ സൈന്യം കോട്ട പിടിക്കാൻ കഴിയാതെ നിരാശരായി ഉപരോധം നിറുത്തി മടങ്ങുമായിരുന്നു. കോട്ടയ്ക്കുള്ളിൽ ഉണ്ടാകുന്നവർ അത് അവരുടെ വിജയമായി മനസ്സിലാക്കുമായിരുന്നു. ഇല്ലെങ്കിൽ കോട്ടയ്ക്കുള്ളിലുണ്ടായിരുന്നവർ ആക്രമണം സഹിക്കവയ്യാതെ കോട്ടയുടെ വാതിൽ തുറന്ന് ശത്രുക്കൾക്ക് കീഴടങ്ങുമായിരുന്നു. ഈ അവസരത്തിലും ബനൂഖയ്നഖാഅ് ഈ മാർഗമാണ് സ്വീകരിച്ചത്. അവർ തങ്ങളുടെ കോട്ടയ്ക്കുള്ളിൽ അടച്ചിരുന്നു. നബി(സ) തിരുമേനി അവരെ വളഞ്ഞു. തുടർച്ചയായി പതിനഞ്ചു ദിവസത്തോളം ഉപരോധം തുടർന്നു. ഒടുവിൽ ബനു ഖയ്നഖായുടെ ശക്തിയും ധൈര്യവും ചോർന്നപ്പോൾ 'തങ്ങളുടെ സമ്പത്തെല്ലാം മുസ്‌ലിമീങ്ങളുടേതായിരിക്കുമെന്നും എന്നാൽ, തങ്ങളുടെ കുടുംബാംഗങ്ങളിൽ മുസ്‌ലിമീങ്ങൾക്ക് ഒരു അധികാരവും ഉണ്ടായിരിക്കുന്നതല്ലെന്നും' ഉള്ള നിബന്ധനയിൽ അവർ കോട്ടവാതിലുകൾ തുറന്നു. അതായത് നബി(സ)തിരുമേനി ഈ നിബന്ധന അംഗീകരിച്ചു. മൂസവീ ശരീഅത്തനുസരിച്ച് അവർ വധശിക്ഷയ്ക്കർഹരായിരുന്നു. കാരണം മൂസവി ന്യായപ്രമാണമനുസരിച്ച് അവരെല്ലാവരും വധിക്കപ്പെടുമായിരുന്നു. അവരുടെ നിയമപ്രമാണം അതിനു വിധിക്കുന്ന ശിക്ഷ അതാണ്. എന്നാൽ, ഇവരുടേത് ആദ്യത്തെ കുറ്റകൃത്യമായതിനാൽ നബി(സ)തിരുമേനിയുടെ കരുണയും ഉദാരതയും കാരണത്താൽ അവർക്ക് വധശിക്ഷ വിധിക്കുന്നതിലേക്ക് അവിടന്ന് ചായുമായിരുന്നില്ല. മറുവശത്ത് ഇത്തരം കരാർ ലംഘനം നടത്തുന്നവരും ശത്രുഗോത്രവുമായവർ മദീനയിൽ താമസിക്കുക എന്നത് വിഷസർപ്പത്തെ വളർത്തുന്നതിനെക്കാൾ ഒട്ടും മോശവുമാകുമായിരുന്നില്ല. അതായത് വേലിയിലിരുന്ന പാമ്പിനെ എടുത്ത് ഒക്കത്ത് വച്ചതുപോലെ! പ്രത്യേകിച്ചും ഔസിലേയും ഖദ്റജിലേയും കപടവിശ്വാസികളുടെ ഒരു സംഘം മുമ്പേതന്നെ മദീനയിലുണ്ടായിരുന്നുതാനും. കൂടാതെ അറേബ്യക്കെതിരിൽ പുറത്തുനിന്നുള്ള എതിർപ്പും മുസ്‌ലിമീങ്ങളുടെ പൊറുതി മുട്ടിച്ചിരുന്നു. ഇങ്ങനെയുള്ള സാഹചര്യത്തിൽ നബി(സ)തിരുമേനിക്ക് ബനൂ ഖയ്നഖാഅ് ഗോത്രക്കാരെ അവിടെനിന്ന് പറഞ്ഞുവിടാൻ തീരുമാനമെടുക്കാനെ സാധിക്കുമായിരുന്നുള്ളൂ. അവരുടെ അപരാധവും അപ്പോഴത്തെ അവസ്ഥയും വച്ചു നോക്കുമ്പോൾ ഈ ശിക്ഷ വളരെ ലളിതമായിരുന്നു. വാസ്തവത്തിൽ സ്വയം സംരക്ഷണം എന്ന ലക്ഷ്യമെ അതിലുണ്ടായിരുന്നുള്ളൂ. മദീനയിലെ ആളുകളുടേയും മദീനയിലെ മുസ്‌ലിമീങ്ങളുടേയും സംരക്ഷണം നടക്കണം. ഇല്ലെങ്കിൽ അറേബ്യയ്ക്കു ചുറ്റുവട്ടത്തുള്ള ജനതകളുടെ നോട്ടത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബെഴുതുന്നു, അവരുടെ പക്കൽ സ്ഥലം മാറലും വീടുമാറലും അത്ര വലിയ കാര്യമൊന്നുമായിരു

'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'
(ഖുത്വ്ബാത്തെ മഹ്‌മൂദ് വാല്യം 18 പേജ് 214 – 215)
(ഖുത്വ്ബ ജുമുഅ 29 – 5 – 2015)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
Ahmadiyya Muslim Jama'at Palluruthy, Ernakulam dist:

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്വ്ബ 27 – 1 – 2017)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala

ന്നില്ല. അവർ ചുറ്റിക്കറങ്ങി നടന്നവരായിരുന്നു. ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് പലായനം ചെയ്ത് കഴിഞ്ഞവരായിരുന്നു. പ്രത്യേകിച്ച് സ്വന്തം ഭൂമിയോ തോട്ടങ്ങളോ ഇല്ലാത്ത ഒരു ഗോത്രം! ബനൂഖയ്നഖായ്ക്കും അതൊന്നുമുണ്ടായിരുന്നില്ല. മുഴുവൻ ഗോത്രങ്ങൾക്കും സമാധാനത്തോടും സുരക്ഷയോടുംകൂടി ഒരു സ്ഥലം ഉപേക്ഷിച്ച് മറ്റൊരു സ്ഥലത്തു പോയി താമസിക്കാൻ അവസരം കിട്ടുകയാണെങ്കിൽ പറയുകയുംവേണ്ട. അതുകൊണ്ടുതന്നെ വളരെ സമാധാനത്തോടെ ബനൂഖയ്നഖാ മദീന ഉപേക്ഷിച്ച് ശാമിലേക്കു പോയി. അവർ പുറപ്പെടുന്നതിന് ആവശ്യമായ ഏർപ്പാടു ചെയ്യുക, അതിന്റെ മേൽനോട്ടം വഹിക്കുക എന്ന ജോലി നബി(സ)തിരുമേനി തന്റെ സ്വഹാബിയായ ഉബാദ ബിൻ സ്വാമിത്തിനെയാണ് ഏല്പിച്ചത്. ഇദ്ദേഹമാണെങ്കിൽ അവരുടെ സഖ്യകക്ഷിയിൽപ്പെട്ടയാളുമായിരുന്നു. ഇദ്ദേഹത്തെക്കുറിച്ചാണ് ഇപ്പോൾ വിവരിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ ഉബാദ ബിൻ സ്വാമിത്ത്(റ) കുറച്ചു ദൂരം ബനൂഖയ്നഖായെ അനുഗമിക്കുകയും അവരെ സുരക്ഷിതരായി യാത്രയാക്കി തിരിച്ചുവരികയും ചെയ്തു. മുസ്‌ലിമീങ്ങൾക്കു കിട്ടിയ യുദ്ധമുതൽ അവരുടെ ആയുധങ്ങൾ മാത്രമായിരുന്നു. അല്ലെങ്കിൽ അവരുടെ തൊഴിലായിരുന്നു. അതുസംബന്ധമായ പണിയായുധങ്ങളായിരുന്നു. അതല്ലാതെ യുദ്ധമുതലായി മറ്റൊന്നും മുസ്‌ലിമീങ്ങൾ എടുത്തിരുന്നില്ല.(സീറത്തു ഖാത്തമുന്നബിയ്യീൻ പേജ് 458-460)

ഇതുസംബന്ധമായി സീറത്തു ഹൽബിയായിൽ കുറച്ചു വിശദീകരണമുണ്ട്. അതിലെഴുതിയിരിക്കുന്നു, യഹൂദികളെ എന്നെന്നേക്കുമായി മദീനയിൽനിന്ന് പുറത്താക്കി നാടുകടത്താൻ നബി(സ)തിരുമേനി കല്പിച്ചു. അതിന്റെ ഉത്തരവാദിത്വം നബി(സ)തിരുമേനി ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്ത്(റ)നെ ഏല്പിച്ചു. മദീനയിൽനിന്ന് ഒഴിഞ്ഞുപോകാൻ മൂന്നു ദിവസം നല്കിയിരുന്നു. അങ്ങനെ മൂന്നു ദിവസത്തിനുശേഷം ജൂതൻമാർ മദീനയോടു എന്നെന്നേക്കുമായി വിടപറഞ്ഞുപോയി. ഇതിനുമുമ്പേ അവർക്കു നൽകിയിരുന്ന മൂന്നു ദിവസത്തെ ഇളവ് നീട്ടിത്തരുവാൻ ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്തിനോട് അപേക്ഷിച്ചിരുന്നു. എന്നാൽ, ഹദ്റത്ത് ഉബാദ(റ) പറഞ്ഞു: 'ഇല്ല, ഒരു നിമിഷം പോലും നിങ്ങൾക്ക് ഇളവു നൽകാൻ സാധിക്കുകയില്ല. നീട്ടിത്തരാൻ പറ്റുകയില്ല.' പിന്നീട് ഹദ്റത്ത് ഉബാദ(റ) തന്റെ മേൽനോട്ടത്തിൽ അവരെ നാടു കടത്തി. ഇവർ ശാം ദേശത്തുള്ള ഒരു പ്രദേശത്തെ മൈതാനത്തുപോയി താമസിച്ചു.(അസ്സീറത്തു ഹൽബിയ്യ, ഭാഗം 2, പേജ് 287, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്തിൽനിന്ന് ധാരാളം മറ്റു ഹദീഥുകളും നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. അവയിൽ ഒരെണ്ണം ഇതാണ്. നബി(സ) തിരുമേനിയ്ക്ക് വളരെയധികം തിരക്കുണ്ടായിരുന്നു. ഹദ്റത്ത് ഉബാദാ ബിൻ സ്വാമിത്ത്(റ) നിവേദനം ചെയ്യുന്നു: 'മുഹാജിറുകളിൽ നിന്നാരെങ്കിലും നബി(സ)തിരുമേനിയുടെയടുക്കൽ വന്നാൽ അവരെ ഖുർആൻ പഠിപ്പിക്കുന്നതിന് ഞങ്ങളിൽ നിന്ന് ആരെയെങ്കിലും ഏല്പിക്കുമായിരുന്നു. ഇവരെ കൊണ്ടുപോയി ഖുർആനും മതപരമായ അധ്യാപനങ്ങളും പഠിപ്പിക്കുക എന്നു അവിടന്ന് പറയുമായിരുന്നു. അദ്ദേഹം പറയുന്നു: 'ഒരിക്കൽ നബി(സ)തിരുമേനി ഒരാളെ എന്നെയേൽപ്പിക്കുകയുണ്ടായി. അദ്ദേഹം എന്നോടൊപ്പം എന്റെ വീട്ടിലാണ് താമസിച്ചിരുന്നത്. ഞാൻ അദ്ദേഹത്തെ ഞങ്ങളുടെ ഭക്ഷണത്തിൽ പങ്കെടുപ്പിക്കുമായിരുന്നു. അദ്ദേഹത്തെ വിശുദ്ധ ഖുർആൻ പഠിപ്പിക്കുമായിരുന്നു. അങ്ങനെ അയാൾ തന്റെ കുടുംബത്തിലേക്കു തിരിച്ചുപോകാനൊരുങ്ങുമ്പോൾ, അയാൾക്ക് എന്നോടു എന്തോ കടമയുണ്ടെന്ന് തോന്നി. അതായത് അദ്ദേഹം എന്നോടൊപ്പം താമസിച്ച കാരണത്താൽ, ഇത്രയും സേവനം ചെയ്ത കാരണത്താൽ, വിശുദ്ധ ഖുർആൻ പഠിപ്പിച്ച കാരണത്താൽ എന്നോടു എന്തോ കടപ്പാടുള്ളതായി അദ്ദേഹത്തിനു തോന്നി. അദ്ദേഹം എനിക്ക് ഒരു വില്ല് ഉപഹാരമായി നൽകി. അമ്പും വില്ലുംഎന്നതിൽ വില്ല് സമ്മാനമായി നല്കി. അദ്ദേഹം പറയുന്നു, അതെത്രമാത്രം ഉയർന്ന നിലയിലുള്ള വില്ലായിരുന്നുവെന്നാൽ തടിയിലും മൃദുവിലും അതിനെക്കാൾ മികച്ച വില്ല് ഞാനന്റെ ജീവിതത്തിൽ കണ്ടിട്ടില്ല. അദ്ദേഹം പറയുന്നു: ഞാൻ നബി(സ)തിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരായി. ഇതുസംബന്ധമായി ചോദിച്ചു. യാ റസൂലല്ലാഹ്! ഇതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്? ഇങ്ങനെ അദ്ദേഹം എനിക്ക് വില്ല് തന്ന് പോയിരിക്കുന്നു. നബി(സ)തിരുമേനിപറഞ്ഞു: 'ഇത് നിന്റെ തോളുകൾക്കിയിൽ ഒരു തീപ്പൊരിയാണ്. അതാണ് താങ്കൾ തൂക്കിയിട്ടിരിക്കുന്നത്.'അതായത് താങ്കൾക്ക് അദ്ദേഹം ഈ വില്ല് തന്നിട്ടുള്ളത് താങ്കൾ അദ്ദേഹത്തെ വിശുദ്ധ ഖുർആൻ പഠിപ്പിച്ചതുകൊണ്ടാണ്. ഈ രീതിയിൽ താങ്കൾ അഗ്നി വാങ്ങിയിരിക്കുന്നു. അതാണ് താങ്കൾ തോളുകളിൽ തൂക്കിയിട്ടിരിക്കുന്നത്. (മുസ്നദ് അഹ്‌മദ് ബിൻ ഹമ്പൽ വാള്യം 7, പേജ് 563, മുസ്നദ് ഉബാദ ബിൻ സ്വാമിത്ത്, ഹദീഥ് 23146, ആലമുൽകുതുബ് ബേറൂത്ത്, 1998)

മറ്റൊരു നിവേദനവുമുണ്ട്. ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്ത് പറഞ്ഞു: 'സ്സുഫ്ഫക്കാരിൽപ്പെട്ട കുറച്ചാളുകളെ ഞാൻ വിശുദ്ധ ഖുർആൻ പഠിപ്പിച്ചു. എഴുതാനും പഠിപ്പിച്ചു. അവരിൽ ഒരാൾ എനിക്ക് ഉപഹാരമായി വില്ല് കൊടുത്തയച്ചു. ഞാൻ വിചാരിച്ചു. ഇത് ധനമൊന്നുമല്ല. സ്വർണമോ വെള്ളിയോ ഒന്നുമല്ല. കറൻസിയുമല്ല. ഞാൻ ഇതുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ അമ്പെയ്യുന്നതാണ്. ഇതൊരു വില്ലല്ലേ? എനിക്കത് പ്രയോജനപ്പെടും. എപ്പോഴെങ്കിലും ജിഹാദ് ചെയ്യാൻ അവസരം കിട്ടിയാൽ അമ്പെയ്യാൻ പ്രയോജനപ്പെടും. അല്ലാഹുവിന്റെ മാർഗത്തിൽ ഉപയോഗിക്കണം. എന്തായാലും പറയുന്നു: ഞാൻ നബി(സ)തിരുമേനിയോടു ഇതു സംബന്ധമായി ചോദിച്ചു. അപ്പോൾ അവിടന്ന് പറഞ്ഞു:'താങ്കൾ അഗ്നിയുടെ വളയം ധരിക്കുന്നത് ഇഷ്ടപ്പെടുന്നുവെങ്കിൽ അതു സ്വീകരിച്ചുകൊള്ളുക.'(സുനൻ ഇബ്നുമാജ, കിതാബുഅത്തിജാറാത്ത്, ബാബു അൽഅജ്‌രി അലാ തഅ്ലീമുൽ ഖുർആൻ ഹദീഥ് 2157)

നിന്റെ കഴുത്തിലണിയാൻ ഒരു അഗ്നിവളയം നീ ആഗ്രഹിക്കുന്നുവെങ്കിൽ ശരി, നീ അതെടുത്തുകൊള്ളുക. ഈ രണ്ടു നിവേദനങ്ങളും ഒരുപോലെയുള്ളതാണ്. വിവിധസ്ഥലങ്ങളിൽനിന്ന് വന്നിട്ടുള്ളതാണ്. വ്യാഖ്യാതാക്കൾ ഈ നിവേദനത്തിൽനിന്ന് തെളിയിച്ചിരിക്കുന്നത് വില്ല് നല്കിയത് വിശുദ്ധ ഖുർആൻ പഠിപ്പിച്ചതിനുള്ള വേതനമെന്ന നിലയിലായിരുന്നു. അത് നബി(സ)തിരുമേനി ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് വ്യക്തിപരമായ നിലയിൽ ഖുർആൻ പഠിപ്പിക്കുന്നത് ഒരു വരുമാനമാർഗമാക്കുന്നവർക്കും ഇതിൽ മാർഗനിർദേശമുണ്ട്.

ഹദ്റത്ത് റാശിദ് ബിൻ ഹുബയ്ശ് നിവേദനം ചെയ്യുന്നു: ഒരിക്കൽ നബി(സ)തിരുമേനി ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്തിന്റെ ശുശ്രൂഷയ്ക്ക് അദ്ദേഹത്തിന്റെ അടുത്തു പോയി. നബി(സ) തിരുമേനി പറഞ്ഞു: എന്റെ ഉമ്മത്തിലെ ശഹീദ് ആരെല്ലാമാണെന്ന് നിങ്ങൾക്കറിയുമോ? അപ്പോൾ ആളുകൾ പരസ്പരം നോക്കാൻ തുടങ്ങി. ഹദ്റത്ത് ഉബാദ പറഞ്ഞു: എന്നെയൊന്ന് താങ്ങി ഇരുത്തുക. ആളുകൾ അദ്ദേഹത്തെ ഇരുത്തിയപ്പോൾ അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്!(സ) ശഹീദ് ആരാണെന്നു അങ്ങ് ചോദിക്കുന്നു. ധീരതയോടും സ്ഥിരോത്സാഹത്തോടും കൂടി പോരാടുകയും പ്രതിഫലത്തിന്റെ നിയ്യത്ത് വെക്കുകയും ചെയ്യുന്നവൻ ശഹീദാകുന്നു. നബി(സ)തിരുമേനി പറഞ്ഞു: ഇത്രമാത്രമാണ് കാര്യമെങ്കിൽ എന്റെ ഉമ്മത്തിൽ വളരെ കുറച്ചു ശുഹദാക്കളെ ഉണ്ടാകുകയുള്ളു. തുടർന്ന് അവിടന്ന് പറഞ്ഞു: അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടുന്നവൻ ശഹീദാണ്, പ്ലേഗ് മൂലം മരണപ്പെടുന്നതും ശഹാദത്താകുന്നു. വെള്ളത്തിൽ മുങ്ങി മരണപ്പെടുന്നതും ശഹാദത്താകുന്നു. ഉദരസംബന്ധമായ അസുഖങ്ങൾ മൂലം മരണമടയുന്നതും ശഹാദത്താകുന്നു. പ്രസവരക്തസ്രാവം മൂലം മരണപ്പെടുന്ന സ്ത്രീയെ അവളുടെ കുഞ്ഞ് തന്റെ കൈകൊണ്ട് സ്വർഗത്തിലേക്ക് വലിച്ചുകൊണ്ടു പോകുന്നതാണ്.(മുസ്നദ് അഹ്‌മദ് ബിൻ ഹമ്പൽ , വാള്യം 5, പേജ് 492, മുസ്നദ് റാശിദ് ബിൻ ഹുബയ്ശ് ആലമുൽ കുതുബ് ബേറൂത്ത് 1998)

അതായത് പ്രസവസമയത്ത് രക്തസ്രാവം ഉണ്ടായി മരിക്കുന്നവൾ. പ്രസാവാനന്തരമുള്ള 40 ദിവസത്തിനുള്ളിൽ ക്ഷീണംകൊണ്ട് മരിക്കുന്നവൾ. അവിടന്ന് പറഞ്ഞു, അവളേയും ആ കുട്ടി വലിച്ച് സ്വർഗത്തിൽ കൊണ്ടുപോകുന്നതിന് നിമിത്തമായിത്തീരുന്നതായിരിക്കും.

ഞാൻ പറഞ്ഞ നിവേദനത്തോടു ചേർന്നു വരുന്ന സ്വഹീഹു ബുഖാരിയിലെ താഴെ കാണുന്ന ഒരു നിവേദനമുണ്ട്. ഹദ്റത്ത് അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു, 'ശഹീദ് അഞ്ചു വിധമാണ്. പ്ലേഗ് മൂലം മരണമടയുന്നവൻ, വയർവേദനകൊണ്ട് മരിക്കുന്നവൻ, മുങ്ങിമരിക്കുന്നവൻ, ഞെരിഞ്ഞമർന്ന് മരിക്കുന്നവൻ, അല്ലാഹുവിന്റെ മാർഗത്തിൽ ശഹീദാകുന്നവൻ. (സ്വഹീഹുൽബുഖാരി, കിതാബുൽ ജിഹാദ് വസ്സയ്ർ, ഹദീഥ് 2829)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് പ്ലേഗ് ഒരു അടയാളമെന്ന നിലയിൽ പറയപ്പെട്ടിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവരെ, ശരിയായ നിലയിൽ വിശ്വസിക്കുന്നവരെ അത് ആക്രമിക്കുകയില്ലെന്ന് പറയപ്പെട്ടിരുന്നു. അതുകൊണ്ട് ഇവിടെ തികച്ചും മറ്റൊരു രൂപമാണ് ആയിത്തീരുന്നത്. എന്നാൽ, പൊതുവായ നിലയിൽ വ്യാധി പടർന്നുപിടിച്ചിട്ടുണ്ടെങ്കിൽ ഒരു മുഅ്മിൻ സമ്പൂർണ മുഅ്മിൻ ഇക്കാരണത്താൽ മരിച്ചാൽ നബി(സ)തിരുമേനി അയാൾ ശഹീദാണെന്ന് പറഞ്ഞു.

ഇസ്മായീൽ ബിൻ ഉബയ്ദ് അൻസ്വാരി പറയുന്നു: ഹദ്റത്ത് ഉബാദ(റ), ഹദ്റത്ത് അബൂഹുറയ്റ(റ)യോടു പറഞ്ഞു, അബൂഹുറയ്റാ! ഞങ്ങൾ നബി(സ)തിരുമേനിക്ക് ബയ്അത്തു ചെയ്ത നേരത്ത് താങ്കൾ ഞങ്ങളോടൊപ്പമുണ്ടായിരുന്നില്ല. ഞങ്ങൾ നബി(സ)തിരുമേനിയോടു ഉന്മേഷത്തിലും ആലസ്യത്തിലും ഏതവസ്ഥയിലും കാര്യങ്ങൾ കേൾക്കുമെന്നും വിശ്വസിക്കുമെന്നും സന്തോഷാവസരത്തിലും സന്താപവേളയിലും ചെലവഴിക്കുമെന്നും നന്മ കല്പിക്കുമെന്നും തിന്മതടയുമെന്നും അത്യുന്നതനായ അല്ലാഹുവിനെ കുറിച്ച് ശരിയായ കാര്യം പറയുമെന്നും ഇതിൽ അപലപിക്കുന്നവരുടെ ഒരു അപലപനവും വകവെക്കുകയില്ലെന്നും നബി(സ)തിരുമേനി മദീന മുനവ്വറയിൽ വരുമ്പോൾ സഹായിക്കുമെന്നും ഞങ്ങളുടെ ജീവനേയും ഞങ്ങളുടെ ഭാര്യാമക്കളേയും സംരക്ഷിക്കുന്ന

തുപോലെ സംരക്ഷിക്കുമെന്നുമുള്ള നിബന്ധനയിൽ ബയ്അത്ത് ചെയ്തിരുന്നു. ഇക്കാര്യങ്ങളിലെല്ലാം ഞങ്ങൾ ബയ്അത്തു ചെയ്തിരുന്നു. ഇതിനുപകരം ഞങ്ങളോടു സ്വർഗത്തിന്റെ വാഗ്ദാനമുണ്ടായിരുന്നു.

ഇതാണ് നബി(സ)തിരുമേനിയുടെ ബയ്അത്ത്. ഇതിലാണ് ഞങ്ങൾ ബയ്അത്തു ചെയ്തത്. ആരാണോ ഇത് ലംഘിക്കുന്നത് അവൻ തനിക്ക് നഷ്ടമുണ്ടാക്കുന്നു. ആരാണോ ഇത് പൂർത്തീകരിക്കുന്നത് അല്ലാഹു അവന്റെ ബയ്അത്തു കാരണത്താൽ നബി(സ)തിരുമേനി ചെയ്ത വാഗ്ദാനം പൂർത്തിയാക്കുന്നതായിരിക്കും.

ഹദ്റത്ത് മുആവിയ(റ) ഒരിക്കൽ ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്ത് കാരണത്താൽ ശാമും ശാമിലെ ആളുകളും തനിക്കെതിരെ ബഹളമുണ്ടാക്കുന്നുവെന്ന് പറഞ്ഞ് ഹദ്റത്ത് ഉഥ്മാൻ ഗനി(റ)ന് കത്തെഴുതി. ഇനി ഒന്നുകിൽ അങ്ങ് ഉബാദയെ തിരിച്ചു വിളിക്കുക അല്ലെങ്കിൽ അദ്ദേഹത്തിന്റേയും ശാമിന്റേയും ഇടയിൽനിന്ന് ഞാൻ പിൻവാങ്ങുകയാണ്. അതായത് താൻ ഇവിടെനിന്ന് പോകുകയാണെന്ന്! ഹദ്റത്ത് ഉഥ്മാൻ(റ) എഴുതി: താങ്കൾ ഹദ്റത്ത് ഉബാദയെ മദീനമുനവ്വറയിൽ അദ്ദേഹത്തിന്റെ വീട്ടിലേക്ക് അയക്കുക. അങ്ങനെ ഹദ്റത്ത് മുആവിയ അദ്ദേഹത്തെ യാത്രയാക്കി. അദ്ദേഹം മദീന മുനവ്വറയിലെത്തി. ഹദ്റത്ത് ഉബാദ ഹദ്റത്ത് ഉഥ്മാന്റെ അടുക്കൽ അദ്ദേഹത്തിന്റെ വീട്ടിൽ പോയി. മുൻഗാമികളിലും പിൻഗാമികളിലും ഒരാളല്ലാതെ മറ്റാരും അവിടെ ഉണ്ടായിരുന്നില്ല;അതായത് സ്വഹാബാക്കളെ കണ്ടയാൾ.അദ്ദേഹം ഹദ്റത്ത് ഉഥ്മാനെ വീടിന്റെ മൂലയിൽ ഇരിക്കുന്നതുകണ്ടു. പിന്നീട് അദ്ദേഹത്തിലേക്ക് ശദ്ധ തിരിച്ചു. ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു: ഉബാദ ബിൻ സ്വാമിത്തേ! താങ്കളുടേയും ഞങ്ങളുടേയും പ്രശ്നമെന്താണ്? അപ്പോൾ ഹദ്റത്ത് ഉബാദ ജനങ്ങളുടെ മുമ്പിൽ നിന്നുകൊണ്ടു പറഞ്ഞു: ഞാൻ നബി(സ)തിരുമേനി ഇങ്ങനെ പറയുന്നതായി കേട്ടിട്ടുണ്ട്. എനിക്കു ശേഷം ചില ഭരണകർത്താക്കൾ ഉണ്ടാകും. അവർ നിങ്ങൾ ഇഷ്ടപ്പെടാത്ത ജോലികൾ നിങ്ങളെ പരിചയപ്പെടുത്തുന്നതായിരിക്കും. നിങ്ങൾ ഇഷ്ടപ്പെടുന്ന ജോലികളെ അവർ നിങ്ങളെക്കൊണ്ട് ഇഷ്ടപ്പെടാത്തതാക്കിത്തീർക്കും. അല്ലാഹുവിനെ ധിക്കരിക്കുന്നവന് അനുസരണമില്ല. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ രക്ഷിതാവിന്റെ പരിധികളെ ലംഘിക്കരുത്. (മുസ്നദ് അഹ് മദ് ബിൻ ഹമ്പൽ വാല്യം 7, പേജ് 564–565, മുസ്നദ് ഉബാദ ബിൻ സ്വാമിത്ത്(റ), ഹദീഥ് 23149–23150, ആലമുൽ കുതുബ് ബേറൂത്ത് 1998)

ചില പ്രശ്നങ്ങളുണ്ടാകും അതിൽ അഭിപ്രായഭിന്നത ഉണ്ടാകാവുന്നതാണ്. ഹദ്റത്ത് അമീർ മുആവിയായും(റ) ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്തും(റ) തമ്മിലും ഇങ്ങനെ ചില കാര്യങ്ങളിൽ അഭിപ്രായ ഭിന്നത നിലനിന്നിരുന്നു. കഴിഞ്ഞ ഖുത്ബയിലും ഇതു പറഞ്ഞിരുന്നതാണ്. ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിലും അത്തരം സംഭവം ഉണ്ടായിട്ടുണ്ട്. കാരണം ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്ത്(റ) ഒന്നാം നിരയിലുള്ള സ്വഹാബത്തിൽപ്പെട്ടയാളാണ്. നബി(സ)തിരുമേനിയിൽനിന്ന് അദ്ദേഹം ഈ പ്രശ്നങ്ങൾ നേരിട്ട് കേട്ടിരുന്നതാണ്. അതുകൊണ്ട് വലിയ മുന്നറിയിപ്പോടെ ഇത് അനുസരിച്ച് അദ്ദേഹം പണിയെടുക്കുകയും എടുപ്പിക്കുകയും ചെയ്യുന്നയാളായിരുന്നു. ഇതാണ് ശരിയെന്ന് പറയാറുമുണ്ടായിരുന്നു. ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ അമീർ മുആവിയായുമായി ഈ അഭിപ്രായ ഭിന്നതയുണ്ടായപ്പോൾ ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് മുആവിയയോടു പറഞ്ഞു, അദ്ദേഹത്തോടു താങ്കൾ ചോദിക്കുകയും പറയുകയുമൊന്നും വേണ്ട. അദ്ദേഹം പറയുന്നത് ചെയ്യാൻ അനുവദിക്കുക. അദ്ദേഹം മദീനയിൽ വന്നപ്പോൾ അദ്ദേഹത്തെ തിരിച്ചയച്ചു.(സുനൻ ഇബ്നുമാജ, കിതാബുസ്സുന്ന, ബാബു തഅ്ളീം ഹദീഥ് റസൂലുല്ലാഹ്..........(സ)ഹദീഥ് 18)

ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ കാലഘട്ടത്തിൽ വീണ്ടും ഇക്കാര്യം ഉടലെടുത്തുപ്പോൾ ഹദ്റത്ത് ഉഥ്മാൻ അദ്ദേഹത്തിന്റെ അവസ്ഥകൾ കാരണത്താൽ തിരിച്ചു വിളിച്ചു. എന്തായാലും ഹദ്റത്ത് ഉബാദയക്ക് ഒരു സ്ഥാനമുണ്ടായിരുന്നു. അദ്ദേഹത്തിന് ചില കാര്യങ്ങൾ വ്യാഖ്യാനിക്കാൻ കഴിയുമായിരുന്നു. അദ്ദേഹം അത് മനസ്സിലാക്കിയിരുന്നു. നബി(സ)തിരുമേനിയിൽനിന്ന് നേരിട്ട് കേട്ടിരുന്നു. അതുകൊണ്ട് അദ്ദേഹം അഭിപ്രായഭിന്നത പ്രകടിപ്പിച്ചിരുന്നു. ചില കാര്യങ്ങളിൽ പറഞ്ഞുകൊടുക്കുകയും ചെയ്യുമായിരുന്നു. ഉദാഹരണത്തിന് കൊടുക്കൽ വാങ്ങൽ സംബന്ധിച്ച കാര്യം. മാറ്റക്കച്ചവടത്തെ സംബന്ധിച്ച് കാര്യം. വാണിജ്യസംബന്ധമായ കാര്യം. ഇത് വിശാലമായ വിഷയമാണ്. ഇവിടെ ഈ സമയത്ത് വിവരിക്കാൻ പറ്റുകയില്ല. അതിലും അദ്ദേഹത്തിന്റെ അഭിപ്രായഭിന്നത അമീർ മുആവിയായുമായി ഉണ്ടായി. എന്തായാലും അദ്ദേഹത്തിന്റെ പക്കൽ തെളിവുകളുണ്ടായിരുന്നു. അദ്ദേഹം അതനുസരിച്ച് വ്യാഖ്യാനിച്ചു. അമീർ മുആവിയായും തന്റെ വ്യാഖ്യാനം നടത്തി. പക്ഷേ, വിശുദ്ധ ഖുർആനിന്റേയും തിരുഹദീഥിന്റേയും വ്യക്തമായ തെളിവില്ലാത്തിടത്തോളം ഇങ്ങനെ അഭിപ്രായഭിന്നതയുമായി നടക്കുക എന്നത് എല്ലാവരുടേയും പണിയല്ല. ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്തൊന്നാണോ വിവരിച്ചിട്ടുള്ളത് അതിൽ അടിസ്ഥാനപരമായി നിർബന്ധമായ കാര്യം ഓർമിക്കേണ്ടതാണ്. അത് അല്ലാഹുവിന്റെ പരിധികളെ ലംഘിക്കാൻ പാടില്ല എന്നതാണ്. അതിന്റെ ഉള്ളിലിരിക്കേണ്ടതാണ്. ഇത് ഓരോ അഹ്മദിയും തന്റെ മുന്നിൽ വെക്കേണ്ടതാണ്. അനുസരണത്തിന്റെ വൃത്തത്തിനുള്ളിൽ ഇരിക്കേണ്ടതാണ്.

ഹദ്റത്ത് അത്വാ വിവരിക്കുന്നു, ഞാൻ നബി(സ)തിരുമേനിയുടെ സ്വഹാബിയായ ഹദ്റത്ത് ഉബാദാ ബിൻ സ്വാമിത്തിന്റെ മകനായ വലീദുമായി കണ്ടുമുട്ടി. ഞാനദ്ദേഹത്തോടു ചോദിച്ചു, മരണസമയത്ത് താങ്കളുടെ പിതാവിന്റെ അതായത് ഹദ്റത്ത് ഉബാദയുടെ മരണ സമയത്ത് ചെയ്ത വസിയ്യത്ത് എന്തായിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: അദ്ദേഹം(ഉബാദാ ബിൻ സ്വാമിത്ത്) എന്നെ വിളിച്ചു. എന്നിട്ടു പറഞ്ഞു: 'എന്റെ മകനേ, അല്ലാഹുവിനെ ഭയപ്പെടുക. അതുപോലെ അല്ലാഹുവിലും അവന്റെ എല്ലാ തരത്തിലുള്ള നന്മ തിന്മകളിലും വിധിയിലും വിശ്വസിക്കാത്തിടത്തോളം ഭയഭക്തി കരസ്ഥമാക്കാൻ ഒരിക്കലും സാധിക്കുകയില്ല എന്നും നീ മനസ്സിലാക്കുക. ഈ വിശ്വാസത്തോടെയല്ലാതെ നീ മരിക്കുകയാണെങ്കിൽ നീ നരകത്തിലായിരിക്കും പ്രവേശിക്കുക.'(സുനനുത്തുർമുദി, അബ്‌വാബുൽഖദ്ർ ബാബു അഅ്ളാമു അംറുൽഈമാൻ ബിൽഖദ്രി ഹദീഥ് 2155)

ഹദ്റത്ത് അനസ് ബിൻ മാലിക്കിൽ നിന്ന് നിവേദനം. നബി(സ)തിരുമേനി ഹദ്റത്ത് ഉബാദാ ബിൻ സ്വാമിത്തിന്റെ ഭാര്യയായ ഹദ്റത്ത് ഉമ്മു ഹറാം ബിൻത് മിൽഹാനിന്റെ അടുക്കൽ വരാറുണ്ടായിരുന്നു. നബി(സ)തിരുമേനിക്ക് അവർ ഭക്ഷണം നല്കാറുണ്ടായിരുന്നു. ഒരിക്കൽ നബി(സ)തിരുമേനി ഹദ്റത്ത് ഉമ്മു ഹറാമിന്റെ വീട്ടിൽ പോയപ്പോൾ അവർ അദ്ദേഹത്തിന് ആഹാരം നൽകുകയും തലനോക്കിക്കൊടുക്കുകയും ചെയ്തു. നബി(സ) ഉറങ്ങിപ്പോയി. അല്പസമത്തിനു ശേഷം നബിതിരുമേനി പുഞ്ചിരിച്ചുകൊണ്ട് എഴുന്നേറ്റു. ഹദ്റത്ത് ഉമ്മു ഹറാം പറയുകയാണ്, ഞാൻ ചോദിച്ചു; യാ റസൂലല്ലാഹ് താങ്കളെന്തിനാണ് പുഞ്ചിരിച്ചത്. അപ്പോൾ അവിടന്ന് പറഞ്ഞു: എന്റെ ഉമ്മത്തിൽനിന്ന് അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധത്തിന് പുറപ്പെട്ട കുറച്ചു പേർ എന്റെ മുന്നിൽ കൊണ്ടുവരപ്പെട്ടു. അവർ സിംഹാസനത്തിലിരിക്കുന്ന രാജാവിനെപ്പോലെ സമുദ്രത്തിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. ഹദ്റത്ത് ഉമ്മ ഹറാം പറയുകയാണ്, ഞാൻ പറഞ്ഞു; യാ റസൂലല്ലാഹ് അല്ലാഹു എന്നെയും അവരിലുൾപ്പെടുത്തുവാൻ വേണ്ടി താങ്കൾ ദുആ ചെയ്താലും. നബി(സ)തിരുമേനി ഹദ്റത്ത് ഉമ്മു ഹറാമിനു വേണ്ടി ദുആ ചെയ്തു. വീണ്ടും അദ്ദേഹം തലവച്ച് ഉറങ്ങി. അതിനുശേഷം പുഞ്ചിരിച്ചുകൊണ്ട് ഉണർന്നു. അവർ പറയുന്നു; ഞാൻ ചോദിച്ചു യാറസൂലല്ലാഹ് താങ്കൾ പുഞ്ചിരിച്ചതെന്തിനാണ്. നബി(സ) പറഞ്ഞു: എന്റെ ഉമ്മത്തിലെ, അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധത്തിന് പുറപ്പെട്ട കുറച്ചുപേർ എന്റെ മുന്നിൽ കൊണ്ടുവരപ്പെട്ടു. ഹദ്റത്ത് ഉമ്മു ഹറാം പറഞ്ഞു, യാ റസൂലല്ലാഹ് എന്നെയും അതിലുൾപ്പടുത്തുവാൻ താങ്കൾ അല്ലാഹുവിനോടു ദുആ ചെയ്താലും. നബി(സ) പറഞ്ഞു: നിങ്ങൾ ആദ്യമേ അവരിൽ ഉൾപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അങ്ങനെ ഹദ്റത്ത് ഉമ്മുഹറാം ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ ഖിലാഫത്തു കാലത്ത് സമുദ്രയാത്രയിൽ പങ്കെടുത്തു. പിന്നീട് സമുദ്രത്തിൽ നിന്ന് കരയ്ക്കു വന്ന് സ്വന്തം യാത്രാമൃഗത്തിൽ നിന്ന് വീണ് മരണമടയുകയാണുണ്ടായത്.(സ്വഹീഹുൽ ബുഖാരി, കിതാബുൽജിഹാദ് വ അസ്സയ്ർ, ബാബു അദ്ദുആഇ ബിൽ ജിഹാദി ഹദീഥ് 2788–2789)

നബി(സ)തിരുമേനി ഉമ്മുഹറാമിന്റെ വീട്ടിൽ പോയിരുന്നത് നബിക്ക് അവരുമായി ഒരു കുടുംബബന്ധമുണ്ടായിരുന്നതുകൊണ്ടാണ്. അദ്ദേഹത്തിന്റെ ഭാര്യയായിരുന്നു. അതുകൊണ്ടു അവരുടെ വീട്ടിൽ പോയി എന്നതല്ല. ഇതു സംബന്ധമായി എഴുതിയിരിക്കുന്നു, ഉമ്മു ഹറാം, മിൽഹാൻ ബിൻ ഖാലിദിന്റെ മകളായിരുന്നു. ബനീ നജ്ജാർ ഗോത്രവുമായിട്ടായിരുന്നു അവരുടെ

## ഹദീഥുന്നബ്‌വി (സ):

*ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടണ്ടിരുന്നു.'*
*(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)*

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.'**
**(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

ബന്ധം. അനസ്(റ)ന്റെ മാതൃസഹോദരിയായിരുന്നു. അവരുടെ മാതാവ് ഉമ്മുസുലയിമിന്റെ സഹോദരിയായിരുന്നു. ഇവരിരുവരും അതായത് ഉമ്മുഹറാമും ഉമ്മുസുലയിമും പാലുകുടി ബന്ധത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കുടുംബബന്ധത്തിലോ നബി(സ)തിരുമേനിയുടെ മാതൃസഹോദരിയായിരുന്നു.(അൽഇസ്തിആബ് വാള്യം 4, പേജ് 1931, പ്രസാധകർ ദാറുൽ ജീൽ ബേറൂത്ത് 1992)

ഇമാം നവവി എഴുതിയിരിക്കുന്നു: ഉമ്മുഹറാം(റ) നബി(സ)തിരുമേനിയുടെ വളരെ അടുത്ത ബന്ധുവായിരുന്നു എന്നതിനോടു ഉലമാക്കളെല്ലാം യോജിക്കുന്നു. അതുകൊണ്ട് നബി(സ) തിരുമേനി ഔപചാരികതയൊന്നും കൂടാതെ ഉച്ചയ്ക്ക് ചില അസരങ്ങളിൽ അവിടെപോയി വിശ്രമിക്കാറുണ്ടായിരുന്നു. പക്ഷേ, ബന്ധുത്വപരമായ കാര്യങ്ങളിൽ അഭിപ്രായ ഭിന്നതയുണ്ട്. അടുത്ത ബന്ധുവായിരുന്നു എന്നതിനോടു എല്ലാവരും യോജിക്കുന്നു. എത്തരത്തിലുള്ള ബന്ധമാണ്, എതു ബന്ധംകൊണ്ടാണ് അടുത്ത ബന്ധുവായത് എന്ന കാര്യത്തിൽ ചിലർ അഭിപ്രായ ഭിന്നത പ്രകടിപ്പിച്ചിട്ടുണ്ട്. (അൽ മിൻഹാജ് ബശറഹ് സ്വഹീഹ് മുസ്‌ലിം, ഇമാം നവവി, കിതാബുൽഇമാറ, ഹദീഥ് 1912, പ്രസാധകർ ദാർ ഇബ്നു ഹസം ബേറൂത്ത് 2002)

എന്തായാലും ചിലർ ചില ബന്ധത്താൽ അടുത്ത ബന്ധു എന്ന് പറഞ്ഞിരിക്കുന്നു, ചിലർ ചില ബന്ധത്താൽ അടുത്ത ബന്ധു എന്ന് പറഞ്ഞിരിക്കുന്നു. ഹദ്റത്ത് ഉമ്മു ഹറാം ഇസ്‌ലാം സ്വീകരിക്കുകയും നബി(സ)തിരുമേനിയുടെ പരിശുദ്ധ കൈയിൽ ബയ്അത്ത് ചെയ്യുകയും ചെയ്തപ്പോൾ ഹദ്റത്ത് ഉഥ്മാൻ ദുന്നൂറയ്നിയുടെ കാലഘട്ടത്തിൽ അവർ തന്റെ ഭർത്താവ് അൻസ്വാറിൽപ്പെട്ടവരും വലിയ ജലീലുൽ ഖദ്ർ സ്വഹാബിയുമായ ഉബാദ ബിൻ സാമിത്തിനോടൊപ്പം അല്ലാഹുവിന്റെ വഴിയിൽ ജിഹാദു ചെയ്യാൻ പുറപ്പെട്ടു. റോം മണ്ണിലെത്തി ശഹാദത്തിന്റെ ദർജപ്രാപിച്ചു. നബി(സ)തിരുമേനി കണ്ട ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ അവരുടെ ശഹാദത്ത് സംഭവിച്ചു.

ബുഖാരിയുടെ ശറഹായ ഉദത്തുൽ ഖാരിയിലും ബുഖാരിയുടെ മറ്റൊരു ശറഹായ ഇർശാദുസ്സാരിയിലും എഴുതിയിരിക്കുന്നു: ഹദ്റത്ത് ഉമ്മു ഹറാമിന്റെ വഫാത്ത് ഹിജ്റ 27, 28 ലാണ് സംഭവിച്ചത്. ചിലരുടെ പക്കൽ അവർ വഫാത്തായത് അമീർ മുആവിയായുടെ ഭരണകാലത്താണ് നടന്നത്. ആദ്യത്തേതാണ് കൂടുതൽ പ്രസിദ്ധമായിട്ടുള്ളത്. ചരിത്രകാരന്മാർ അതാണ് പറഞ്ഞിട്ടുള്ളത്. ഹദ്റത്ത് ഉഥ്മാന്റെ ഖിലാഫത്ത് കാലത്ത് നാവിക യുദ്ധം നടന്നിരുന്നു. അതിലാണ് ഹദ്റത്ത് ഉമ്മുഹറാം വഫാത്തായത്. മുആവിയായുടെ കാലംകൊണ്ടുദ്ദേശിക്കുന്നത് ഹദ്റത്ത് മുആവിയായുടെ ഭരണകാലഘട്ടമല്ല. പ്രത്യുത അതുകൊണ്ടുദ്ദേശിക്കുന്നത് ഹദ്റത്ത് മുആവിയ റോമിന്നെതിരിൽ നടത്തിയ നാവിക യുദ്ധ കാലമാണ്. ആ യുദ്ധത്തിൽ ഹദ്റത്ത് ഉമ്മു ഹറാമും തന്റെ ഭർത്താവ് ഉബാദ ബിൻ സാമിത്തിനോടൊപ്പം പങ്കെടുത്തിരുന്നു. ആ നാവികയുദ്ധത്തിനുശേഷം തിരിച്ചുവരുമ്പോൾ ഹദ്റത്ത് ഉമ്മുഹറാം വഫാത്തായി. ഹദ്റത്ത് ഉഥ്മാന്റെ ഖിലാഫത്തു കാലമായിരുന്നു അത്.(ഉംദത്തുൽഖാരി, ശറഹ് സ്വഹീഹുൽബുഖാരി, വാള്യം 4, പേജ് 128, ദാറു അഹ്‌യാഉത്തുറാഥി അൽഅറബി, 2003)(ഇർശാദുസ്സാരി, ശറഹ് സ്വഹീഹുൽബുഖാരി, ശിഹാബുദ്ദീൻ അൽഖിസ്ത്വലാനീ, വാള്യം 5, പേജ് 230, ദാറുൽഫിക്ർ ബേറൂത്ത് 2010)

ജുനാദാ ബിൻ അബു ഉമയ്യ നിവേദനം: 'ഒരിക്കൽ ഞങ്ങൾ ഉബാദയുടെ അടുക്കൽ പോയപ്പോൾ അദ്ദേഹം രോഗിയായിരുന്നു. ഞങ്ങളദ്ദേഹത്തോടു പറഞ്ഞു, അല്ലാഹു താങ്കൾക്ക് ആരോഗ്യം പ്രദാനം ചെയ്യുമാറാകട്ടെ. നബി(സ)തിരുമേനിയിൽനിന്ന് താങ്കൾ കേട്ട ഏതെങ്കിലും ഹദീഥ് താങ്കൾക്ക് ഫലപ്രദമാകാൻ വിവരിച്ചാലും. അദ്ദേഹം പറഞ്ഞു: 'നബി(സ)തിരുമേനി ഞങ്ങളെ വിളിച്ചു. ഞങ്ങൾ അദ്ദേഹത്തിന് ബയ്അത്ത് ചെയ്തു. ഇക്കാര്യങ്ങളിലാണ് ഞങ്ങളിൽ നിന്ന് ബയ്അത്ത് വാങ്ങിയത്; സന്തോഷാവസരത്തിലും സന്താപവേളയിലും പ്രയാസത്തിലും സമാധാനത്തിലും ക്ഷാമത്തിലും ക്ഷേമത്തിലും കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നതാണ്. തുറന്ന സത്യനിഷേധത്തിന് കല്പന നൽകിയാലല്ലാതെ, ഭരണത്തിന് ഭരണാധികാരികളോട് കലഹിക്കുകയുമില്ല.' (സ്വഹീഹുൽ ബുഖാരി, കിതാബുൽ ഫിത്തൻ, ബാബു ഖൗലുന്നബിയ്യ(സ)സതറൗന ബഅ്ദീ ഉമൂറൻ തുൻകിറൂനഹാ ഹദീഥ് 7055-7056)

പരസ്യമായ സത്യനിഷേധം ഉണ്ടായാലൊഴികെ. വ്യക്തമായ കാര്യമാണെങ്കിൽ അവിടെ കാര്യം വേറെയാണ്. അതും അധികാരങ്ങൾ കിട്ടുമ്പോൾ മാത്രം. സുനാബിഹയ്യ് നിവേദനം: ഹദ്റത്ത് ഉബാദാ ബിൻ സാമിത്ത് മരണാസന്നനായിരുന്നപ്പോൾ ഞാനദ്ദേഹത്തിന്റെയടുത്തുപോയി. ഞാൻ കരയാൻ തുടങ്ങി യപ്പോൾ അദ്ദേഹം പറഞ്ഞു: നിർത്തൂ! എന്തിനാണ് കരയുന്നത്? അല്ലാഹുവാണ! എന്നോടെന്തെങ്കിലും സാക്ഷ്യം ചോദിക്കുകയാണെങ്കിൽ ഞാൻ നിനക്കനുകൂലമായി സാക്ഷി പറയും. എനിക്ക് ശിപാർശചെയ്യാനുള്ള അധികാരം നൽകുകയാണെങ്കിൽ നിനക്കു വേണ്ടി ഞാൻ ശിപാർശ ചെയ്യും. എനിക്കു കഴിയുമെങ്കിൽ നിനക്ക് ഗുണകരമായത് ഞാൻ ചെയ്യും.' തുടർന്നദ്ദേഹം പറഞ്ഞു: അല്ലാഹുവാണ! നബി(സ)തിരുമേനിയിൽ നിന്ന് ഞാൻ കേട്ട ഹദീഥുകളിൽ നിന്ന് നിനക്ക് ഗുണകരമായിട്ടുള്ളവ ഞാൻ നിന്നോട് വിവരിച്ചിരിക്കുന്നു; ഒരു ഹദീഥ് ഒഴികെ. അത് ഞാനിന്ന് കേൾപ്പിക്കാം. ഞാനിപ്പോൾ മരണത്തിന്റെ പിടിയിലാണ്. ഞാൻ നബി(സ)തിരുമേനിയിൽ നിന്ന് കേട്ടു, അവിടന്ന് പറയുമായിരുന്നു: അല്ലാഹുവിനെക്കൂടാതെ ആരാധനയ്ക്കർഹൻ മറ്റാരുമില്ലെന്നും മുഹമ്മദ് (സ) അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കുന്ന ഒരാൾക്ക് തീ നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. അതായത് അയാൾ മുസ്‌ലിം ആകുന്നു. (സ്വഹീഹ് മുസ്‌ലിം, കിതാബുൽഈമാൻ, ഹദീഥ് 29)

അല്ലാഹു ഈ സ്വഹാബിമാരുടെ പദവികൾ ഉയർത്തുമാറാകട്ടെ. അവർ നമ്മുടെ ആത്മീയമായ അറിവിനു പുറമെ നമ്മുടെ കർമപരമായ ജീവിതം ധന്യമാക്കുന്നതിന് ആവശ്യമുള്ള ചില കാര്യങ്ങളും എത്തിച്ചുതന്നു.

ഇനി ഞാൻ കുറച്ച് പരേതാത്മാക്കളെ അനുസ്മരിക്കുകയാണ്. അവരുടെ ജനാസയും നമസ്കരിപ്പിക്കുന്നതായിരിക്കും. സിറിയായിലെ സയീദ് സൗഖിയ സാഹിബാണ് അവരിൽ ഒരാൾ. ഏപ്രിൽ 18ന് അദ്ദേഹം വഫാത്തായി. അറിയിപ്പു കിട്ടിയത് വളരെ താമസിച്ചാണ്. അതുകൊണ്ട് വളരെ താമസിച്ചാണ് ജനാസ നമസ്കരിപ്പിക്കുന്നത്. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* പരേതൻ ശാമിലെ ജമാഅത്തിലെ അങ്ങേയറ്റം ആത്മാർഥനും പഴയകാല അംഗങ്ങളിൽപെട്ട ആളുമായിരുന്നു. അദ്ദേഹം 5-ാം വയസ്സിൽ വിശുദ്ധഖുർആൻ ഓതി പൂർത്തിയാക്കി. കുട്ടിക്കാലം മുതലെ തജ്‌വീദ് നിയമങ്ങളുടേയും ഖുർആൻ പാരായണത്തിന്റേയും വിദഗ്ദ്ധനായിരുന്നു. മിക്ക അഹ്മദി അംഗങ്ങൾക്കും വിശുദ്ധഖുർആൻ പഠിപ്പിക്കാറുണ്ടായിരുന്നു. ആദരണീയനായ മുനീർ അൽഹുസ്നി സാഹിബ് അദ്ദേഹത്തിൽ വളരെയധികം വിശ്വാസമുള്ളയാളായിരുന്നു. അദ്ദേഹം നിയമ വിദ്യാഭ്യാസം കരസ്ഥമാക്കി. പക്ഷേ, വക്കാലത്ത് പണി നല്ലതായി അദ്ദേഹത്തിന് തോന്നിയില്ല. പിന്നീട് അദ്ദേഹം ടീച്ചിംഗ് മേഖല സ്വീകരിച്ചു. തുടർന്ന് രാജ്യം മുഴുവൻ നല്ല അധ്യാപകന്മാരിൽ ഗണിക്കപ്പെട്ടു. രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളഇൽ പഠിപ്പിച്ചു. ഹെഡ്മാസ്റ്റർ പദവിയിലെത്തി. പരേതന് തബ്‌ലീഗിൽ വളരെ താൽപര്യമുള്ള വ്യക്തിയായിരുന്നു. എല്ലാവരേയും തബ്‌ലീഗ് ചെയ്യുമായിരുന്നു. കുറച്ചുവർഷം മുമ്പേ അറേബ്യൻ ഡസ്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അറബി ഗ്രന്ഥങ്ങൾ വീണ്ടും പ്രസിദ്ധീകരിച്ചു. തർജമ ചെയ്ത് പ്രചരിപ്പിച്ചപ്പോൾ അദ്ദേഹം എല്ലാ ഗ്രന്ഥങ്ങളും വായിച്ചു. അദ്ദേഹം പറയാറുണ്ടായിരുന്നു, 'ദീർഘകാലം അഹ്മദിയായതിനു ശേഷം ഇപ്പോഴാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്താണ് പറഞ്ഞതെന്ന് മനസ്സിലായത്. ഇപ്പോൾ ആദ്യമായി എനിക്ക് ജമാഅത്തിന്റെ യാഥാർഥ്യം മനസ്സിലായിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ ഞാൻ യഥാർഥ ഇസ്‌ലാം-അഹ്മദിയ്യത്തിനെ കുറിച്ച് ആദ്യം മുതലുള്ള അറിവ് കരസ്ഥമാക്കുകയാണ്.' അദ്ദേഹത്തിന്റെ സ്വഭാവവും സൽപെരുമാറ്റവും ദാനനിഷ്ഠയും ആത്മാഭിമാനവും ആത്മീയഭാവവും പ്രതിഫലേച്ഛ കൂടാതെ അന്യരെ സഹായിക്കലും അദ്ദേഹത്തെ അറിയുന്ന എല്ലാവരും വിവരിക്കുന്നുണ്ട്. ആളുകൾ അദ്ദേഹത്തിൽ വളരെ ആകർഷിതരായിരുന്നു. ഈ സ്വഭാവം കാരണത്താൽ അദ്ദേഹത്തെ അറിയുന്ന എല്ലാവരും സ്നേഹിച്ചിരുന്നു. തന്റെ ജോലിയിൽ വ്യാപൃതനാകുമായിരുന്നു. മന്ദസ്മിത വദനം, ദയാലുവായ പിതാവ്, ആത്മാർഥനായ ഭർത്താവ്. അദ്ദേഹത്തിന്റെ സുഹൃത്ത്ബന്ധം വളരെ വിശാലമായിരുന്നു. നമസ്കാരങ്ങളും മറ്റു ആരാധനാകർമങ്ങളും കൃത്യമായി അനുഷ്ഠിച്ചിരുന്നു. എന്തെങ്കിലും തുക കിട്ടിയാൽ ഉടനെ ചന്ദ കൊടുക്കും. ചിലപ്പോൾ മുഴുവൻ തുകയും ചന്ദ കൊടുക്കും. സന്തപ്ത കുടുംബത്തിൽ മൂന്ന് ആൺകുട്ടിയും മൂന്ന് പെൺകുട്ടിയുമുണ്ട്. അദ്ദേഹത്തിന്റെ മൂത്തമകൻ മുഹമ്മദ് സാഹിബും ചെറിയ മകൻ ജലാലുദ്ദീൻ സാഹിബും അഹ്മദിയാണ്. അല്ലാഹു കരുണയോടും പൊറുക്കലോടും കൂടി അദ്ദേഹത്തോടു പെരുമാറട്ടെ. ദർജകൾ ഉയർത്തുമാറാകട്ടെ. തന്റെ മക്കൾക്കുവേണ്ടി ചെയ്ത ദുആകൾ സ്വീകരിക്കുമാറാകട്ടെ. മറ്റു മക്കൾക്കും സത്യം തിരിച്ചറിയാൻ തൗഫീഖ് നല്കുമാറാകട്ടെ.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും, നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും നിത്യവും ഖുർആൻ പാരായണം ചെയ്യാൻ അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

രണ്ടാമത്തെ ജനാസ അത്തിയ്യിബ് അൽഉ ബയ്ദി സാഹിബ് ത്യൂനുസിന്റേതാണ്. ജൂൺ 26ന് 70–ാം വയസ്സിൽ അദ്ദേഹം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇദ്ദേഹം തന്റെ പ്രദേശത്ത് തനിച്ച് അഹ്മദിയായിരുന്നു. അങ്ങേയറ്റം ആത്മാർഥനും ജമാഅത്തിനേയും കാലത്തിന്റെ ഇമാമിനേയും ഒരുപാട് സ്നേഹിക്കുന്നയാളും ഖിലാഫത്തിനെ സ്നേഹിക്കുന്ന വ്യക്തിയുമായിരുന്നു. തന്റെ ജീവിതകാലം മുഴുവൻ ഏകദേശം മസ്ജിദിൽതന്നെ കഴിഞ്ഞു. വിശുദ്ധഖുർആന്റെ പ്രേമിയായിരുന്നു. ധാരാളം ദിക്റെ ഇലാഹി ചെയ്യുന്ന ദേഹമായിരുന്നു. ജമാഅത്തിനെ പരിചയപ്പെട്ടപ്പോൾ താമസംവിനാ കേന്ദ്രത്തിലെത്തി. ക്ഷണത്തിൽ ബയ്അത്ത് ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളെ സ്നേഹിക്കുന്നയാളായിരുന്നു. ജുമുഅ നമസ്കരിക്കുന്നതിനുവേണ്ടി ഏകദേശം അഞ്ചുമണിക്കൂർ ട്രെയിൻ യാത്ര ചെയ്ത് കേന്ദ്രത്തിൽ എത്തുമായിരുന്നു. വളരെ ധൈര്യവാനായിരുന്നു. ആരെ കണ്ടാലും അഹ്മദിയ്യത്തിനെ പരിചയപ്പെടുത്തും. തന്റെ കുടുംബത്തിൽനിന്നും സമൂഹത്തിൽനിന്നും അദ്ദേഹത്തിനുമേൽ സമ്മർദ്ദം ഉണ്ടായിരുന്നു. പക്ഷേ, ഇദ്ദേഹം തന്റെ ഈമാനിൽ അടിയുറച്ചുനിന്നു. ബയ്അത്ത് ചെയ്ത ആദ്യ ദിവസംതന്നെ മനസ്സ് തുറന്ന് ചന്ദ നല്കാൻ തുടങ്ങി. വസിയ്യത്ത് വ്യവസ്ഥിതിയെ കുറിച്ചറിഞ്ഞപ്പോൾ ഉടനെ വസിയ്യത്തും ചെയ്തു. ചെറുപ്പക്കാരെ അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കാൻ ഉപദേശിക്കുമായിരുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചതുകൊണ്ട് തന്റെ ധനത്തിൽ വളരെ അഭിവൃദ്ധിയുണ്ടായെന്ന് പറയുമായിരുന്നു. പരേതന് ഹജ്ജ് ചെയ്യാൻ തൗഫീഖ് കിട്ടി. ജമാഅത്തിന്റേയും ഖിലാഫത്തിന്റേയും പ്രേമിയായിരുന്നു. അല്ലാഹു അദ്ദേഹത്തിനോടും കരുണയോടും പൊറുക്കലോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ ദുആകളും സദുദ്ദേശ്യങ്ങളും അദ്ദേഹത്തിന്റെ മക്കൾക്കും ബന്ധുക്കൾക്കും സഫലമാക്കുമാറാകട്ടെ.

മൂന്നാമത്തെ ജനാസ അമത്തുശ്ശക്കൂർ സാഹിബയുടേതാണ്. അവർ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ ഏറ്റവും മൂത്ത മകളായിരുന്നു. സെപ്തംബർ 3ന് 79–ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഞാൻ പറഞ്ഞതുപോലെ അവർ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ മകളായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ പൗത്രിയുമായിരുന്നു. മാതാമഹിയുടെ ഭവനത്തിൽനിന്ന് ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബയുടേയും ഹദ്റത്ത് നവാബ് മുഹമ്മദലി ഖാൻ സാഹിബിന്റേയും ദൗഹിത്രിയായിരുന്നു. 1940 ഏപ്രിൽ മാസത്തിൽ ഖാദിയാനിൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം ഖാദിയാനിലായിരുന്നു. ബിഎഡ് ലാഹോറിൽ ചെയ്തു. രണ്ടു വിവാഹം നടന്നിരുന്നു. അവരുടെ ആദ്യവിവാഹം നവാബ് അബ്ദുല്ലാഹ് ഖാൻ സാഹിബിന്റെ മകൻ ശാഹിദുഖാൻ സാഹിബുമായിട്ടായിരുന്നു. അദ്ദേഹത്തിൽനിന്ന് അവർക്ക് മക്കളുണ്ട്. അതിൽ രണ്ട് ആൺകുട്ടിയും മൂന്ന് പെൺകുട്ടിയുമാണുള്ളത്. അവരുടെ ഒരു മകൻ ആമിർ അഹ്മദ് ഖാൻ വാഖ്ഫെ സിന്ദഗിയാണ്. ഇപ്പോൾ തഹ്രീകെ ജദീദിൽ ജോലി ചെയ്തുവരുന്നു. അവരുടെ രണ്ട് ദൗഹിത്രന്മാരും ഇപ്പോൾ ജാമിഅ അഹ്മദിയ്യായിൽ പഠിച്ചുവരുന്നുണ്ട്. രണ്ടാമത്തെ വിവാഹം നടന്നത് ഡോക്ടർ മിർസാ ലഈഖ് അഹ്മദ് സാഹിബുമായിട്ടായിരുന്നു. അതിൽ മക്കളൊന്നുമില്ല. ജമാഅത്തിന്റെ വലിയ സേവനമൊന്നുമില്ലെങ്കിലും പൊതുവായ നിലയിൽ വിവിധ നിലയിൽ അവർക്ക് വിവിധ ജമാഅത്ത് സ്ഥാപനങ്ങളിൽ അല്ലെങ്കിൽ ലജ്ന വകുപ്പുകളിൽ ജോലി ചെയ്യാൻ തൗഫീഖ് കിട്ടി. വലിയ സഹകരണത്തോടും വളരെ വിനയത്തോടും തങ്ങളോടൊപ്പം ഇവർ പ്രവൃത്തിച്ചിരുന്നുവെന്ന് എഴുതിയവരിൽ മിക്കവരും എഴുതിയിട്ടുണ്ട്. എഴുതാനും വായിക്കാനും വളരെ താൽപര്യമായിരുന്നു. അവർ ഹദ്റത്ത് അമ്മാജാന്റെ ജീവചരിത്രവും രചിച്ചിട്ടുണ്ട്. ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സഹിബയെ കുറിച്ചും മറ്റൊരു ഗ്രന്ഥമെഴുതി; 'മുബാറക്ക കാ കഹാനി മുബാറക്ക കി സബാനീ.' ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബ്(റ)ന്റെ ബീഗം ഹദ്റത്ത് ബുസയ്നബ് സാഹിബ(റ)യുടെ ജീവചരിത്രം അടങ്ങിയ മറ്റൊരു ഗ്രന്ഥവും രചിച്ചിട്ടുണ്ട്. അതിന്റെ കൈയ്യെഴുത്തു പ്രതി പൂർത്തിയായിട്ടുണ്ട്. പക്ഷേ, അവസ്ഥകൾ കാരണത്താൽ പ്രസിദ്ധീകരിക്കാൻ കഴിയുന്നില്ല. അവരുടെ ഈ മൂന്ന് ഗ്രന്ഥവുമുണ്ട്. ലജ്നയെ സംബന്ധിച്ചിടത്തോളം വളരെ നല്ല ഗ്രന്ഥങ്ങളാണ്.

അവരുടെ ദൗഹിത്രി മലാഹത്ത് പറയുന്നു: "എന്റെ മാതാമഹി എപ്പോഴും പറയാറുണ്ടായിരുന്നു, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് (റഹ്) പറഞ്ഞിരുന്നു, 'മന്ദസ്മിതയായിരിക്കുക; കാരണം അത് സ്വദഖയാണ്.' അതുകൊണ്ട് ഇവർ പറയുന്നു: ഞാൻ അവരുടെ അവസാനത്തെ രോഗത്തിലും കണ്ടത് പുഞ്ചിരിച്ചുകൊണ്ടു നോക്കുന്നതായിരുന്നു. ബുദ്ധിമുട്ടിലും പുഞ്ചിരിച്ചിരുന്നു. അവരുടെ രോഗം ഒരുപാട് ബുദ്ധിമുട്ടുള്ളതായിരുന്നു. അവസാനമാണ് കാൻസർ ആണെന്നറിഞ്ഞത്. പക്ഷേ, വളരെ സഹനത്തോടും ക്ഷമയോടും കൂടി അവർ സഹിച്ചു. അവർ എല്ലാ ബുദ്ധിമുട്ടുകളും വളരെ ക്ഷമയോടെ സഹിച്ചുവെന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥും പറയുമായിരുന്നു. അല്ലാഹു അവരോടും പൊറുക്കലോടും ക്ഷമയോടുംകൂടി പെരുമാറട്ടെ. അവരുടെ മക്കൾക്കും അടുത്ത തലമുറയ്ക്കും ഖിലാഫത്തിനോടും ജമാഅത്തിനോടും എപ്പോഴും കൂറോടുകൂടി ഇരിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

മറ്റൊരു കാര്യം കൂടിയുണ്ട്. ഇന്ന് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഇജ്തിമാ ആരംഭിക്കുകയാണ്. അതുകൊണ്ട് നമസ്കാരം ജംആയിരിക്കും.

★★★

(പേജ് 1ൽനിന്ന്)

മുമ്പേ ഈ ജമാഅത്തിനെ ലോകത്ത് പ്രകടിപ്പിച്ചു. നബി(സ) തിരുമേനി മുഖേന വെളിപ്പെടുത്തി. പക്ഷേ, ഇന്ന് 13 നൂറ്റാണ്ടിനുശേഷം–ഇപ്പോഴാണെങ്കിൽ 14–ാം നൂറ്റാണ്ടിന്റെ 15 വർഷവും കഴിഞ്ഞു– ഇതിനെ ആര്യസമാജക്കാരുടെയും ബ്രഹ്മസമാജക്കാരുടെയും പ്രകൃതിവാദികളുടേയും നിരീശ്വരവാദികളുടേയും അല്ലെങ്കിൽ ക്രിസ്ത്യാനികളുടേയും മുമ്പിൽ വിവരിക്കുമ്പോൾ പരിഹസിക്കുന്നു. നിന്ദിതയോടെ തള്ളിക്കളയുന്നു. ഒരുഭാഗത്ത് ആധുനിക അറിവുകളുടെ വെളിച്ചവും മറുഭാഗത്ത് സ്വഭാവങ്ങളിൽ ഒരു പ്രത്യേക വിപ്ലവം ഉണ്ടായതിനുശേഷം വിവിധ കക്ഷികളുടേയും മതങ്ങളുടേയും ആധിക്യമുള്ള ഈ നാശത്തിന്റെ നേരത്ത് ഇക്കാര്യങ്ങൾ അവതരിപ്പിക്കുകയും ജനങ്ങളെക്കൊണ്ട് വിശ്വസിപ്പിക്കുകയും ചെയ്യുക എന്നത് വളരെയധികം സങ്കീർണമായ കാര്യമായിത്തീർന്നിരിക്കുന്നു. ഇസ്ലാമിനേയും അതു പറയുന്ന കാര്യങ്ങളേയും ഒരു കഥപോലെ മനസ്സിലാക്കാൻ തുടങ്ങിയിരിക്കുകയാണ്. പക്ഷേ, അല്ലാഹു *ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിളൂൻ*(15:10) എന്ന വാഗ്ദാനം നല്കുകയും ഖുർആനിന്റേയും ഇസ്ലാമിന്റേയും സംരക്ഷണത്തിന്റെ ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെ മുസ്ലിമീങ്ങളെ ഈ നാശത്തിൽനിന്ന് രക്ഷിച്ചു; അവരെ കുഴപ്പങ്ങളിൽ അകപ്പെടാൻ വിട്ടില്ല. ഈ ജമാഅത്തിനെ വിലമതിക്കുകയും ഇതിൽനിന്ന് ഫലമെടുക്കുകയും ചെയ്യുന്നവർ അനുഗൃഹീതർ. തെളിവ് കിട്ടുന്നില്ലെങ്കിൽ മനുഷ്യസ്വഭാവത്തിന്റെ പ്രത്യേകത എന്നു പറയുന്നത് അവൻ ക്ഷണത്തിൽ തെറ്റായ ധാരണകളിലേക്ക് മടങ്ങുന്നുവെന്നത് തികച്ചും ശരിയാണ്. ആന്തരികമായ നിലയിൽത്തന്നെ ആളുകൾ ഒരു കഥയെന്ന് മനസ്സിലാക്കി ഖുർആനിൽനിന്നും ഇസ്ലാമിൽനിന്നും പിന്തിരിഞ്ഞുപോകുന്നു. ഉദാഹരണത്തിന് നോക്കുക! ഉള്ളിൽനിന്ന് കുറ്റിവീണിട്ടുണ്ടെങ്കിൽ വെളിയിലുള്ളയാൾ അനാവശ്യമായി ഉള്ളിൽ ആരെങ്കിലും തീർച്ചയായും ഉണ്ടാകുമെന്ന് കരുതുന്നു. അവൻ മൂന്നുനാലു ദിവസംവരെ നോക്കും. ഉള്ളിൽനിന്ന് ആരും പുറത്തുവരുന്നില്ലെങ്കിൽ പിന്നീട് അയാളുടെ ചിന്ത മാറാൻ തുടങ്ങുന്നു. പിന്നെ ഉള്ളിൽ കയറാതെതന്നെ അവൻ മനസ്സിലാക്കും, ഉള്ളിൽ ആളുണ്ടെങ്കിൽ അവന് അശനപാനീയങ്ങൾ ആവശ്യമുള്ളതുകൊണ്ട് അവൻ തീർച്ചയായും വെളിയിൽ വരേണ്ടതാണെന്ന്! 'വഹ്യുടെ'യും വിലായത്തിന്റെ'യും വർണത്തിൽ വരുന്ന നുബുവ്വത്തിന്റെ പ്രകാശങ്ങളും അനുഗ്രഹങ്ങളും ഈ തത്ത്വജ്ഞാനത്തിന്റേയും വെളിച്ചത്തിന്റേയും കാലഘട്ടത്തിൽ പ്രകടമാകുന്നില്ലെങ്കിൽ മുസ്ലിമീങ്ങളുടെ മക്കൾ മുസ്ലിം വീടുകളിൽ താമസിച്ച് ഇസ്ലാമിനേയും ഖുർആനിനേയും ഒരു കഥയും വൃത്താന്തവുമെന്ന് കരുതി, ഇസ്ലാമിനോടുള്ള അവരുടെ ബന്ധം അവസാനിപ്പിക്കുകയും ഇപ്രകാരം ഇസ്ലാമിനെ ഇല്ലായ്മചെയ്യാനുള്ള പരമ്പര പൂർത്തിയാകുകയും ചെയ്യുമായിരുന്നു എന്നാൽ, അങ്ങനെയായില്ല. അല്ലാഹുവിന്റെ അഭിമാനവും അവൻ പൂർത്തിയാക്കുമെന്ന് പറഞ്ഞിട്ടുള്ള വാഗ്ദാനവും എങ്ങനെയാണ് അതനുവദിക്കുക! ഞാനിപ്പോൾ പറഞ്ഞതുപോലെ, *ഇന്നാ നഹ്നു നസ്സൽദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിളൂൻ*, അവന്റെ വാഗ്ദാനമാണ്.**(മൽഫൂദാത്ത്, വാല്യം 1, പേജ് 78–81, 2018 ഖാദിയാൻ)**

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

## അല്ലാഹുവിന്റെ കലാം

***"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)***

ത്വാലിബെ ദുആ
M.P.Haneef Ahmad
Ahmadiyya Jama-ath Koodali, Kerala.

## കലാമുൽ ഇമാം:–

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

ത്വാലിബെ ദുആ:
C. Shameem Ahmad
Ahmadiyya Jama-ath Calicut, Kerala.

# വിശുദ്ധഖുർആൻ

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

### (വാഗ്ദത്ത മഹ്ദീ മസീഹ്)

*(റിവ്യൂ ഓഫ് റിലീജ്യൺസ് എന്ന ഇംഗ്ലീഷ് മാസികയുടെ 2019 ആഗസ്റ്റു ലക്കത്തിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ വിവർത്തനം. വിവർത്തകൻ: കെ.വി. ഹസ്സൻകോയ കോഴിക്കോട്)*

**വിശുദ്ധഖുർആനിന്റെ മുഅ്ജിസത്തുകൾ:**

ഈ കാലഘട്ടത്തിൽപോലും ഒരാൾക്ക് സാക്ഷ്യം വഹിക്കാനും അനുഭവിക്കാനും പറ്റുന്ന വിധത്തിലുള്ളതാണ് വിശുദ്ധഖുർആനിന്റെ ദിവ്യാത്ഭുതങ്ങൾ; ആർക്കും അവ നിഷേധിക്കാൻ സാധ്യമല്ല.

അക്കാലത്തെ അവിശ്വാസികൾക്ക് കാണിക്കപ്പെട്ട ശിക്ഷയുടെ ദൃഷ്ടാന്തം അതിന് നമ്മളും സാക്ഷിയാണ്. കാരണമെന്തെന്നാൽ അത് തീർച്ചയായ ആധേയങ്ങളുടെ ആവശ്യമായ പരിണതഫലമായിരുന്നു. അത് ആരാലും നിഷേധിക്കാവതല്ല. ഒന്നാമത്തെ പീഠികയെന്തെന്നാൽ ആ ദൃഷ്ടാന്തം ആവശ്യപ്പെട്ടത് നബി(സ)തിരുമേനിയും വിരലിലെണ്ണാവുന്ന അനുയായികളും മക്കക്കാരാൽ വിവിധ രീതിയിൽ ദ്രോഹിക്കപ്പെട്ടപ്പോഴായിരുന്നു.

ആ സമയം ഇസ്ലാം എത്രത്തോളം ദുർബ്ബലമായിരുന്നുവെന്നാൽ, മക്കയിലെ അവിശ്വാസികൾ പരിഹസിച്ചുകൊണ്ടു പറഞ്ഞു: നിങ്ങളുടെ ഭാഗം ശരിയാണെങ്കിൽ പിന്നെന്തുകൊണ്ടാണ് ഞങ്ങളുടെ കൈകൊണ്ട് ഇത്തരം ദുരിതങ്ങൾ അനുഭവിക്കേണ്ടിവരുന്നത്? നിങ്ങൾ ഭരമേല്പിക്കുന്ന ദൈവമാവട്ടെ നിങ്ങളെ സഹായിക്കുന്നില്ല. പിന്നെ എണ്ണത്തിൽ എന്തുകൊണ്ടാണ് വളരെ കുറവ്? അതിനാൽ നിങ്ങൾ വേഗത്തിൽ നശിപ്പിക്കപ്പെടും. നിങ്ങളുടെ പക്ഷം ശരിയാണെങ്കിൽ എന്തുകൊണ്ടാണ് ഞങ്ങൾ ശിക്ഷിക്കപ്പെടാത്തത്? അവിശ്വാസികൾക്ക് നല്കിയ മറുപടി വിശുദ്ധഖുർആനിലെ വിവിധ സ്ഥലങ്ങളിൽ ഉണ്ട്. പ്രവചനത്തിന്റെ മഹത്ത്വത്തെ വിലമതിക്കുന്ന രണ്ടാമത്തെ പീഠികയുടെ രൂപവല്ക്കരണമാണിത്. വിശുദ്ധപ്രവാചകനും അദ്ദേഹത്തിന്റെ അനുയായികളും സദാസമയവും അപകടത്തിലായിരുന്ന ഒരു സന്ദർഭമായിരുന്നു. എല്ലാ ദിശകളിൽനിന്നും പരാജയം അവരെ തുറിച്ചുനോക്കി. അങ്ങനെയുള്ള സമയത്ത് ശിക്ഷയുടെ ദൃഷ്ടാന്തം കാണിക്കാനുള്ള അവിശ്വാസികളുടെ ആവശ്യത്തിനു മറുപടിയായി വളരെ വ്യക്തമായി പ്രഖ്യാപിക്കപ്പെട്ടത് അവർക്ക് ഇസ്ലാമിന്റെ വിജയത്തിന്റെ ദൃഷ്ടാന്തവും അവരുടെ ശിക്ഷയുടെ ദൃഷ്ടാന്തവും കാണിക്കപ്പെടുമെന്നാണ്. ആ സമയത്ത് വെറുമൊരു ബീജമായി പ്രത്യക്ഷപ്പെട്ട ഇസ്ലാം ഒരു വൻവൃക്ഷമായി പ്രകടമാക്കപ്പെടുമെന്നും ശിക്ഷയുടെ ദൃഷ്ടാന്തം ആവശ്യപ്പെടുന്ന അവിശ്വാസികൾ വാളിന്നിരയാവുമെന്നും മുഴുവൻ അറേബ്യയിൽനിന്നും അവിശ്വാസികൾ തൂത്തെറിയപ്പെടുമെന്നുമാണ്. അറേബ്യയുടെ പരമാധികാരം മുസ്ലിമീങ്ങളിൽ എത്തിച്ചേരുമെന്നും സർവ്വശക്തനായ ദൈവം ശക്തമായ നിലയിൽ ഇസ്ലാമിനെ ഉറപ്പിക്കുമെന്നും ബിംബാരാധന അറേബ്യയിൽനിന്ന് എന്നെന്നേക്കുമായി നിർമാർജനം ചെയ്യപ്പെടുമെന്നും ഭയാവസ്ഥയിൽനിന്ന് മുസ്ലിമീങ്ങൾ സുരക്ഷിതത്ത്വത്തിന്റെ അവസ്ഥയിലാവുമെന്നുമാണ്. ഇസ്ലാം ശക്തമായി വളരുകയും അതിന്റെ വിജയത്തിന്റെ തണലിൽ മറ്റു രാജ്യങ്ങളിൽ അത് മേൽക്കോയ്മ നേടുകയും വിദൂരസ്ഥലങ്ങളിലേക്ക് അത് വ്യാപിക്കുകയും ചെയ്യും. മഹത്തായ രാജ്യഭരണങ്ങൾ സ്ഥാപിക്കപ്പെടുകയും അവ ലോകാവസാനംവരെ നിലനിൽക്കുകയും ചെയ്യും.

ഒരു വ്യക്തി ഈ രണ്ട് ആധേയങ്ങളും പരിഗണിക്കുകയും ഈ പ്രവചനം ചെയ്യപ്പെട്ട കാലത്ത് ഇസ്ലാം വലിയ ദുരിതത്തിലായിരുന്നുവെന്നും പ്രവചനം അന്ന് നിലവിലുള്ള സാഹചര്യങ്ങൾക്ക് എതിരായിരുന്നുവെന്നും കണ്ടെത്തുകയും അത് പൂർണമായും അസാധ്യമാണെന്ന് മനസ്സിലാക്കുകയും പിന്നെ ഇസ്ലാമിന്റെ ചരിത്രത്തിലേക്ക് നോക്കുകയും ചെയ്താൽ, –അതാകട്ടെ ശത്രുക്കൾക്കും മിത്രങ്ങൾക്കും നല്ലപോലെ അറിയുന്നതാണ്– എത്ര വ്യക്തമായാണ് അത് പൂർത്തീകരിക്കപ്പെട്ടതെന്നും കാണുമാറാകും. അതിന്റെ പൂർത്തീകരണം ഹൃദയങ്ങൾക്ക് എത്രമാത്രം ആദരസമന്വിതമായ അത്ഭുതമാണ് ഉണ്ടാക്കിയതെന്നും അതിന് കിഴക്കും പടിഞ്ഞാറും എത്ര അധികാരവും ശക്തിയുമാണുണ്ടായതെന്നും മനസ്സിലാക്കുകയും, അയാൾ താൻ സാക്ഷിയായ ഈ അത്ഭുതത്തെ വിലമതിക്കുകയും അതിനെ സംബന്ധിച്ച് ഒരുവിധത്തിലുള്ള സംശയവുമുണ്ടാകുകയില്ല.

ഒരു ദൃക്സാക്ഷി എന്ന നിലയിൽ നമുക്ക് വിലമതിക്കാവുന്ന രണ്ടാമത്തെ അത്ഭുതം വിശുദ്ധഖുർആനും നബിതിരുമേനി(സ)യുടെ സാമീപ്യവും പിന്തുടർന്നതു മുഖേന അവിടത്തെ സഹചരത്തിൽ ഉണ്ടായ അത്ഭുതകരമായ പരിവർത്തനമാണ്. അവർ ഇസ്ലാം ആശ്ലേഷിക്കുന്നതിനു മുമ്പേ ഏതൊരു തരത്തിലുള്ള ജനങ്ങളായിരുന്നുവെന്ന് നമുക്ക് കാണാൻ കഴിയും. അവരുടെ രീതികളും പെരുമാറ്റങ്ങളും ഒന്നു വേറെത്തന്നെയായിരുന്നു. നബി(സ)തിരുമേനിയുടെ സാമീപ്യത്താലും വിശുദ്ധഖുർആനെ പിൻപറ്റിയതിനാലും അവരുടെ താണ അവസ്ഥയിൽനിന്ന് വളരെ പരിശുദ്ധവും വെടിപ്പുമുള്ള വിശ്വാസങ്ങളുടെ അവസ്ഥയിലേക്ക് അവർ വന്നു. അവരുടെ ധാർമികതയിലും സ്വഭാവത്തിലും സംഭാഷണത്തിലും പെരുമാറ്റത്തിലും എല്ലാ രീതികളിലും മാറ്റങ്ങൾ വന്ന കാരണം കറപിടിച്ച അവരുടെ വ്യക്തിത്വങ്ങളിൽ അത്ഭുതകരമായ നവ്യരൂപം അലങ്കരിച്ചു. ഈ മഹത്തായ പരിണാമം അവരിലുണ്ടാക്കിയ പ്രകാശവും തിളക്കവും നാം സമ്മതിച്ചേ പറ്റൂ. സർവ്വശക്തനായ ദൈവത്തിന്റെ കരങ്ങളാൽ ഉണ്ടായ രൂപാന്തരമാണിത്. ഈ രൂപാന്തരണം അസാധാരണവും അത്ഭുതമെന്നു വിളിക്കപ്പെടാൻ അർഹവുമാണ്.

നമ്മുടെ കൺമുന്നിൽ കാണുന്ന വിശുദ്ധഖുർആനിന്റെ അത്ഭുതം അതിന്റെ സത്യതയും ഉൾക്കാഴ്ചയും അതിന്റെ വശ്യവചസ്സായ സംഗ്രഥനത്തിൽ നിറഞ്ഞിരിക്കുന്ന നല്ല പോയിന്റുകളുമാണ്. ഈ അത്ഭുതം വിശുദ്ധഖുർആനിൽ ശക്തമായ രീതിയിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഉന്നതരും അല്ലാത്തവരുമായ എല്ലാ മനുഷ്യരും ഒരുമിച്ചുചേർന്നു അതുപോലെയുള്ള ഒന്ന് നിർമിക്കാൻ ശ്രമിച്ചാൽ അത് അസാധ്യമായിരിക്കുമെന്ന് പറയപ്പെടുന്നു. കഴിഞ്ഞ 1300 വർഷമായി വിശുദ്ധഖുർആൻ വിപുലമായി പ്രസിദ്ധീകരിക്കപ്പെടുകയും ഈ വെല്ലുവിളി വലതും ഇടതും ഉയർന്നിട്ടും ഇന്നുവരെ ആരും തന്നെ ഈ വെല്ലുവിളി സ്വീകരിക്കാൻ ധൈര്യപ്പെട്ടിട്ടില്ല. ഇത് തെളിയിക്കുന്നത് മനുഷ്യന്റെ കഴിവുകൾക്ക് വിശുദ്ധഖുർആനുമായി മത്സരിക്കാൻ സാധ്യമല്ലെന്നാണ്.

വിശുദ്ധഖുർആന്റെ നൂറുക്കണക്കിന് മികവുകളിൽ ഒന്നുമാത്രം മുന്നോട്ടുവെച്ച് അതിന് തുല്യമായത് കൊണ്ടുവരാൻ ആവശ്യപ്പെട്ടാലും ഒരു മനുഷ്യനും അതുപോലെയൊന്ന് കൊണ്ടുവരാൻ സാധ്യമല്ല. ഉദാഹരണമായി, വിശുദ്ധഖുർആനിന്റെ മികവുകളിൽ ഒന്ന്, അതിൽ മതപരമായ എല്ലാ ഉൾക്കാഴ്ചകളും അടങ്ങിയിട്ടുണ്ടെന്നുള്ളതും സത്യവും യുക്തിയുമായി ബന്ധപ്പെട്ട ഉൾക്കാഴ്ചകളിൽ വിശുദ്ധഖുർആനിൽ ഇല്ലാത്ത ഒരു സത്യതയും ഇല്ലെന്നുമുള്ളതാണ്. ഈ ഗുണമുള്ള വേറെയേതെങ്കിലും ഗ്രന്ഥം ആർക്കെങ്കിലും മുന്നോട്ടുവയ്ക്കാൻ സാധ്യമാണോ? എല്ലാ മതപരമായ സത്യതകളും വിശുദ്ധഖുർആനിലടങ്ങിയിട്ടുണ്ടെന്ന വസ്തുതയിൽ ആരെങ്കിലും, സംശയിക്കുന്നുവെങ്കിൽ അയാൾ ക്രിസ്ത്യാനിയോ, ആര്യനോ, ബ്രഹ്മസമാജക്കാരനോ നിരീശ്വരനോ ആരുമാവട്ടെ, തന്റെ സ്വന്തമായ നിലയിൽ ഇക്കാര്യം പരിശോധിച്ചു തൃപ്തിയടയാൻ സാധിക്കും. അയാൾക്ക് സംതൃപ്തി വരുത്തുവാനുള്ള ഉത്തരവാദിത്തം നാം ഏറ്റെടുക്കുന്നു, എന്നാൽ, സത്യാന്വേഷകനായി നമ്മുടെയടുക്കൽ വരണം എന്ന നിബന്ധനയുണ്ട്. ബൈബിളിലടങ്ങിയ പരിശുദ്ധമായ എല്ലാ സത്യതകളും അല്ലെങ്കിൽ സത്യത്തിന്റെയും യുക്തിയുടെയും വാക്കുകൾ നാം തത്ത്വജ്ഞാനികളുടെ ഗ്രന്ഥങ്ങളിൽ കണ്ടത്, സന്ദർഭവശാൽ വേദങ്ങളിൽ സ്ഥലം പിടിച്ചതായി നാം കണ്ടത്, ഇനിയും അവയിൽ കാണാനുള്ളത്, സൂഫിമാരുടെ നൂറുക്കണക്കിന് ഗ്രന്ഥങ്ങളിൽ നാം കണ്ടിട്ടുള്ള യുക്തിയും ജ്ഞാനവുമെല്ലാം വിശുദ്ധഖുർആനിൽ കണ്ടെത്താവുന്നതാണ്.

അഗാധമായ നിലയിൽ നാം മുപ്പത് വർഷത്തോളം നടത്തിയ ഗവേഷണം സമഗ്രമായും തീർച്ചയായും വെളിപ്പെടുത്തിയിരിക്കുന്നു, ആത്മാവിന്റെ സമഗ്രതയ്ക്കും ബുദ്ധിയുടെയും ഹൃദയത്തിന്റെയും പരിശീലനത്തിനും സഹായകമായ ഏതെങ്കിലും ആത്മീയമായ സത്യത വിശുദ്ധഖുർആനിൽ സൂചിപ്പിക്കപ്പെടാത്തതായി ഇല്ല. ഇത് നമ്മുടെ അനുഭവം മാത്രമല്ല വിശുദ്ധഖുർആനിന്റെ അവകാശവാദവുമാണ്. ഇത് ഞാൻ മാത്രം പരിശോധിച്ചതല്ല. തുടക്കം മുതൽ സത്യത്തിനു സാക്ഷ്യം വഹിച്ച ആയിരക്കണക്കിന് പണ്ഡിതന്മാരുടെ അനുഭവമാണ്.

വിശുദ്ധഖുർആനിന്റെ നാലാമത്തെ അത്ഭുതം അതിന്റെ ആത്മീയമായ ഫലങ്ങളാണ്. തുടക്കം അവ അതിൽ അടങ്ങിയിരിക്കുന്നു. ഇതു കൊണ്ടർത്ഥമാക്കുന്നത് അതിന്റെ അനുയായികൾ ദൈവിക സ്വീകാര്യതയുള്ളവരും ദൈവഭാഷണത്താൽ ആദരിക്കപ്പെട്ടവരുമാണ്. അവരുടെ പ്രാർഥനകൾ സർവ്വശക്തനായ ദൈവത്താൽ സ്വീകരിക്കപ്പെടുന്നു. അവൻ അവരോട് സ്നേഹത്തോടും കാരുണ്യത്തോടും പ്രതികരിക്കുന്നു. ചില ഗുപ്തമായ നിഗൂഢതകൾ പ്രവാചകർക്കെന്നപോലെ അവരെ അറിയിക്കുന്നു. അവന്റെ പിന്തുണയുടെയും സഹായത്തിന്റെയും ദൃഷ്ടാന്തങ്ങൾ നല്കിക്കൊണ്ട് അവരെ

മറ്റുള്ള ജനങ്ങളിൽനിന്ന് വ്യതിരിക്തമാക്കുന്നു. വിധിന്യായനാൾവരെ മുസ്‌ലിമീങ്ങളിൽ നിലനിൽക്കുന്ന ഒരു ദൃഷ്ടാന്തമാണിത്. ആദ്യം മുതലേ ഇത് പ്രകടമാക്കപ്പെട്ടിട്ടുണ്ട്. ഇന്നും അത് തുടർന്നുവരുന്നു. പ്രതാപവാനായ ദൈവത്തിന്റെ പ്രത്യേക പിന്തുണ മുഖേന സത്യവെളിപാടിനാലും നിഗൂഢമായ കാര്യങ്ങളുടെ ദർശനത്താലും ആദരിക്കപ്പെടുന്ന വ്യക്തികൾ ഇന്നും മുസ്‌ലിമീങ്ങളിലുണ്ട്.

'അല്ലയോ, സത്യാന്വേഷകരേ! അല്ലയോ സത്യദൃഷ്ടാന്തങ്ങൾക്കുവേണ്ടി വിശക്കുന്നവരേ, ദാഹിക്കുന്നവരേ! നീതിപൂർവ്വവും പരിശുദ്ധവുമായ വീക്ഷണത്തോടെ എത്രമാത്രം ഉന്നതനിലയിലാണ് സർവ്വശക്തനായ ദൈവം വിശുദ്ധഖുർആനിൽ ദൃഷ്ടന്തങ്ങളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നതെന്ന് നോക്കുക. ഓരോ കാലഘട്ടത്തിലും എങ്ങനെയാണവ അവതരിക്കുന്നതെന്നും മനസ്സിലാക്കപ്പെടുന്നതെന്നും പരിഗണിക്കുക. കഴിഞ്ഞുകടന്ന പ്രവാചകന്മാരുടെ അത്ഭുതങ്ങൾ ഇപ്പോൾ വെറും കഥകളാണ്. എത്രമാത്രം സത്യമാണവയെന്ന് നമുക്കറിയില്ല.' (തസ്ദീഖുന്നബി പേജ് 20–23, മക്ത്തൂബാത്തെ അഹ്മദിയ്യാ, വാല്യം 3, പേജ് 49–53)

വിശുദ്ധഖുർആനിലെ അത്ഭുതങ്ങളും അസാധാരണ ദൃഷ്ടാന്തങ്ങളും നാലുവിധമാണ്.

(1) ബുദ്ധിയുമായി ബന്ധപ്പെട്ട അത്ഭുതങ്ങൾ

(2) അറിവുമായി ബന്ധപ്പെട്ട അത്ഭുതങ്ങൾ

(3) ആത്മീയാനുഗ്രഹങ്ങളുമായി ബന്ധപ്പെട്ട അത്ഭുതങ്ങൾ

(4) ബാഹ്യമായ കാരണങ്ങളുമായി ബന്ധപ്പെട്ട അത്ഭുതങ്ങൾ.

ആദ്യത്തെ മൂന്ന് അത്ഭുതങ്ങൾ വിശുദ്ധഖുർആനിൽ അന്തർലീനമായ ഗുണങ്ങളാണ്. അവ വളരെ മഹത്തായതും വ്യക്തമായ തെളിവിന് വിധേയവുമാണ്. ഓരോ കാലഘട്ടത്തിലും ദൃശ്യമായ യഥാർഥ്യങ്ങൾപോലെ അവയ്ക്ക് സാക്ഷിയാവാൻ സാധിക്കും. എന്നാൽ, നാലാമത്തെ വിധത്തിലുള്ളത് വിശുദ്ധഖുർആനിൽ അന്തർലീനമല്ലാത്ത ബാഹ്യമായ കാര്യങ്ങളാണ്. ഇവയിൽ ഒന്നാണ് 'ചന്ദ്രൻ പിളരൽ' എന്ന അത്ഭുതം. ആദ്യത്തെ മൂന്നുവിധത്തിലുള്ള അത്ഭുതങ്ങളിൽ വിശുദ്ധഖുർആന്റെ സത്യമായ മികവും സൗന്ദര്യവും പ്രദർശിപ്പിക്കപ്പെടുന്നു. യഥാർഥത്തിൽ എല്ലാ ദൈവികവചനങ്ങളിലെയും ഏറ്റവും വലിയ ദൃഷ്ടാന്തമാണിത്. അവയിൽ ഈ മൂന്നുവിധത്തിലുള്ള അത്ഭുതങ്ങളും കണ്ടെത്താൻ സാധിക്കണം. ഈ മൂന്നും വിശുദ്ധഖുർആനിൽ ഉന്നതവും സമഗ്രവും പരിപൂർണവുമായ രീതിയിൽ കാണപ്പെടുന്നു. അവ വിശുദ്ധഖുർആനിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നത് അതിന്റെ സാമ്യമില്ലായ്മയ്ക്കും നിസ്തുലതയ്ക്കും തെളിവായിട്ടാണ്. ഇപ്രകാരം പറയപ്പെടുന്നു:

"പറയുക, ഈ ഖുർആന് തുല്യമായ മറ്റൊന്ന് കൊണ്ടുവരുന്നതിന് ജിന്നും ഇൻസും എല്ലാം സംഘടിച്ച് പ്രവർത്തിച്ചിരുന്നെങ്കിൽ അവർ പരസ്പരം സഹായിച്ചിരുന്നാൽപോലും– അവർക്ക് അതിന് തുല്യമായത് കൊണ്ടുവരുവാൻ സാധ്യമല്ല." (വിശുദ്ധഖുർആൻ 17:89)

മറ്റൊരിടത്ത് ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു. "ഈ ഗ്രന്ഥത്തിൽ (വിശുദ്ധഖുർആനിൽ) നാം ഒന്നുംതന്നെ വിട്ടുകളഞ്ഞിട്ടില്ല. (വിശുദ്ധഖുർആൻ 6:39)

മറ്റു വാക്കുകളിൽ

"അദ്ദേഹം പവിത്രമായ ഏടുകൾ വായിച്ചു കേൾപ്പിക്കുന്നു. അതിൽ നിലനില്ക്കുന്നതായ മതവിധികളുണ്ട്." (വിശുദ്ധഖുർആൻ 98:36)

വേറൊരു സ്ഥലത്ത് ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു: "നാം ഈ ഖുർആൻ ഒരു പർവ്വതത്തിന്മേൽ ഇറക്കിയിരുന്നുവെങ്കിൽ അല്ലാഹുവിനെക്കുറിച്ചുള്ള ഭയം നിമിത്തം അത് നമ്രമായും പൊട്ടിക്കീറുന്നതായും നീ കാണുമായിരുന്നു. ആ ഉദാഹരണങ്ങൾ മനുഷ്യർക്കായി നാം വിവരിച്ചുകൊടുക്കുന്നു. അവർ ചിന്തിക്കാൻവേണ്ടി." (വിശുദ്ധഖുർആൻ 59:22)

ഇതുകൂടാതെ, ബാഹ്യമായ മാറ്റങ്ങളുടെ നിരവധി എണ്ണം അത്ഭുതങ്ങൾ വിശുദ്ധഖുർആനിൽ സൂചിപ്പിച്ചിരിക്കുന്നു. ഇവ്വിധമുള്ള അത്ഭുതങ്ങൾ വിശുദ്ധഖുർആന്റെ മനോഹാരിതയ്ക്കുള്ള ആഭരണങ്ങളാണ്. അതുമുഖേന സുന്ദരന്മാരായ ആളുകൾ അലങ്കരിക്കപ്പെട്ടിരിക്കുന്നു. സ്വയംതന്നെ സൗന്ദര്യമുള്ള ഒന്നിന് ആഭരണത്തിന്റെ ആവശ്യമില്ല. എങ്കിലും ആഭരണം ഒന്നിന്റെ സൗന്ദര്യത്തിന് മാറ്റുകൂട്ടുന്നു.

വിശുദ്ധഖുർആനിൽ സൂചിപ്പിച്ചിട്ടുള്ള ഈ അത്ഭുതങ്ങൾ വൈവിധ്യമാർന്നതാണ്. വിശുദ്ധപ്രവാചകന്റെ(സ) പ്രാർഥനമൂലം സർവ്വശക്തനായ ദൈവം തന്റെ ആകാശങ്ങളിലുള്ള നിയന്ത്രണം പ്രകടമാക്കുകയും ചന്ദ്രനെ രണ്ടായി പിളർക്കുകയും ചെയ്തു എന്നതാണ് ഒന്ന്. രണ്ടാമതായി, സർവ്വശക്തനായ അല്ലാഹു ഭൂമിയിലുണ്ടാക്കിയ മാറ്റം ഒരു ക്ഷാമം മഖേന പ്രത്യക്ഷമായി. അത് ഏഴുവർഷത്തോളം നിലനിന്നു. അതുമുഖേന ജനങ്ങൾ അങ്ങേയറ്റം ബുദ്ധിമുട്ടി. അവർ എല്ലുകൾ പൊടിച്ചു വിഴുങ്ങി. മൂന്നാമതായി, വുശുദ്ധപ്രവാചകൻ(സ)ന്റെ പലായന ദിവസം അദ്ദേഹത്തിന് ദ്രോഹികളായ അവിശ്വാസികളിൽനിന്ന് സംരക്ഷണം നൽകാൻ അല്ലാഹു അത്ഭുതകരമായ നിയന്ത്രണം നടത്തി. മക്കയിലെ അവിശ്വാസികൾ നബി(സ) തിരുമേനിയെ വധിക്കാൻ തീരുമാനിച്ചപ്പോൾ പ്രതാപവാനായ അല്ലാഹു അവരുടെ പദ്ധതിയെക്കുറിച്ച് നബി(സ)തിരുമേനിയെ അറിയിക്കുകയും മക്കയിൽനിന്ന് മദീനയിലേക്ക് പലായനം ചെയ്യാൻ അദ്ദേഹത്തോട് ആജ്ഞാപിക്കുകയും വിജയകരമായ അദ്ദേഹത്തിന്റെ മടക്കത്തെക്കുറിച്ച് സുവാർത്ത അറിയിക്കുകയും ചെയ്തു. അതൊരു ബുധനാഴ്ചയായിരുന്നു. സമയം മധ്യാഹ്നമായിരുന്നു. അത്യുഷ്ണമുണ്ടായിരുന്നു. ഈ സമയത്താണ് അല്ലാഹു പരീക്ഷണം പ്രകടമാക്കിയത്. ദുരിതത്തിന്റെ ഈ അവസ്ഥയിൽ നബി(സ)തിരുമേനി തന്റെ വാസസ്ഥലം വിട്ടുപോകാനൊരുങ്ങി. അദ്ദേഹത്തെ വധിക്കാനുദ്ദേശിച്ചുകൊണ്ട് ശത്രുക്കൾ വീടു വളഞ്ഞിരുന്നു. സ്നേഹവും വിശ്വാസവുമുള്ള തന്റെ ഒരു ബന്ധുവിനെ നബി(സ)തിരുമേനി തന്റെ ശയ്യയിൽ കിടത്തി. അദ്ദേഹത്തിന്റെ മുഖം മൂടി; ശത്രുക്കളുടെ ചാരന്മാർ അദ്ദേഹത്തിന്റെ യാത്രയെക്കുറിച്ച് അന്വേഷണം നടത്താതിരിക്കാൻ വേണ്ടി. പകരമായി കിടത്തിയ ആൾ നബി(സ)തിരുമേനിയാണെന്ന് കരുതി അദ്ദേഹത്തെ കൊല്ലാൻ ശത്രുക്കൾ കാത്തിരുന്നു.

"ആരും തന്റെ ശിരസ്സ് മറ്റുള്ളവർക്ക് നല്കുന്നില്ല. മറ്റുള്ളവർക്കുവേണ്ടി തന്റെ ജീവൻ ബലി കഴിക്കുകയുമില്ല. സ്നേഹം മാത്രമാണ് ഒരാളെ അങ്ങേയറ്റം ആത്മാർഥതയോടെ ഈ പ്രവൃത്തി നിർവഹിക്കാൻ ഉദ്യുക്തനാക്കുന്നത്."

തന്റെ വിശ്വസ്തനായ ബന്ധുവിനെ തന്റെ സ്ഥാനത്ത് വിട്ടുകൊണ്ട് വിശുദ്ധപ്രവാചകൻ (സ) പോയശേഷം ശത്രുക്കൾ അദ്ദേഹത്തിന്റെ യാത്ര കണ്ടുപിടിച്ചു. ഈ ദുഷ്ടജനങ്ങൾ അദ്ദേഹത്തെ കൊല്ലാനുള്ള ഉദ്ദേശ്യത്തോടെ വഴിയിൽ അദ്ദേഹത്തെ പിന്തുടർന്നു. ഈ ദുർഘടാവസ്ഥയിൽ നബി(സ)തിരുമേനിയുടെ കൂടെയുണ്ടായിരുന്നത് ആത്മാർഘതയും വിശ്വാസവുമുള്ള ഒരു സ്നേഹിതൻ മാത്രമായിരുന്നു. എപ്പോഴുമെന്നപോലെ ആ അപകടകരമായ അവസ്ഥയിലും തന്റെ നാഥൻ അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു. അവനാണ് തന്റെ പരിപൂർണനും വിശ്വാസവുമുള്ള തന്റെ ദാസനെ മഹത്തായ ഒരു പരിഷ്കരണത്തിനുവേണ്ടി ലോകത്തേക്കയച്ചത്.

തന്റെ പ്രിയപ്പെട്ട ദാസനെ സംരക്ഷിക്കാൻ അവൻ അത്ഭുതകരമായ നിയന്ത്രണം പലവഴിയിലും ചെലുത്തി. അതെല്ലാം ചുരുക്കത്തിൽ വിശുദ്ധഖുർആനിൽ വിവരിച്ചിട്ടുണ്ട്. അവയിലൊന്ന് ശത്രുക്കളിലാരുംതന്നെ അദ്ദേഹത്തിന്റെ യാത്ര നേരംവെളുത്തിട്ടും കണ്ടില്ല എന്നതാണ്. അവർ വീട് വളഞ്ഞിട്ടുമുണ്ടായിരുന്നു. യാസീൻ എന്ന അധ്യായത്തിൽ സൂചിപ്പിച്ചതുപോലെ സർവ്വശക്തനായ അല്ലാഹു ആ എല്ലാ ദുഷ്ടന്മാരുടെയും കണ്ണുകളിൽ ഒരു മറയിട്ടു. അങ്ങനെ നബി(സ)തിരുമേനി ആരും കാണാതെ സ്ഥലം വിട്ടു.

തന്റെ വിശുദ്ധപ്രവാചകനെ സംരക്ഷിക്കാനായി പ്രതാപവാനായ ദൈവത്തിന്റെ അസാധാരണമായ മറ്റൊരു പ്രകടനം എന്തായിരുന്നുവെന്നാൽ, അവിടന്ന്(സ) തന്റെ കൂട്ടുകാരനോടൊപ്പം ഒളിച്ചിരുന്ന ഗുഹയുടെ അടുത്ത് സർവ്വശക്തനായ ദൈവം രണ്ടു പ്രാവുകളെ അയച്ച് കൂടുകെട്ടിച്ചു. അവ മുട്ടയിട്ടു. കൂടാതെ ഗുഹാമുഖത്ത് ചിലന്തി വലയും കെട്ടി. അതുകാരണം ശത്രുക്കൾ തെറ്റുധരിച്ചു നിരാശരായി മടങ്ങി. മറ്റൊരു അത്ഭുതം എന്തായിരുന്നുവെന്നാൽ, നബി(സ)തിരുമേനിയുടെ വേറൊരു എതിരാളി മദീനയിലേക്ക് പോകുന്ന അങ്ങയെ പിന്തുടർന്നുകൊണ്ട് കുതിരപ്പുറത്ത് സഞ്ചരിക്കുന്നുണ്ടായിരുന്നു. അയാൾ ആ മഹാത്മാവിന്റെ സമീപത്തെത്താറായപ്പോൾ അവിടത്തെ പ്രാർഥന കാരണമായി ആ കുതിരകളുടെ കാലുകൾ മണ്ണിൽ ആണ്ടുപോയി. അയാൾ നിലത്തേക്കുവീണു. അപ്പോൾ നബി(സ)തിരുമേനിയോട് അയാൾ മാപ്പപേക്ഷിച്ചു മടങ്ങിപ്പോയി. മറ്റൊരു അത്ഭുതകരമായ സംഭവമെന്തായിരുന്നുവെന്നാൽ, തങ്ങളുടെ പരാജയത്തിൽ പ്രകോപിതരായ ശത്രുക്കൾ നബി(സ)തിരുമേനിക്കെതിരിൽ ഒരു വലിയ സൈന്യവുമായെത്തി. എണ്ണത്തിൽ കുറ

## ഹദീഥുന്നബ്‌വി (സ):

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല. (സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

**താലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

## കലാമുൽ ഇമാം:–

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപ്പണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാല്യം 6 പേജ് 352)**

**താലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

വായ മുസ്‌ലിമീങ്ങളെയെല്ലാം നശിപ്പിക്കാൻ അവർ ഉദ്ദേശിച്ചു. അങ്ങനെ ഇസ്‌ലാമിനെ പിഴുതെറിയാൻ അവർ ആഗ്രഹിച്ചു. ശത്രുനിരക്കിടയിൽ പ്രതാപവാനായ അല്ലാഹു ആശയക്കുഴപ്പമുണ്ടാക്കി. ബദ്ർ യുദ്ധത്തിൽ നബി(സ) തിരുമേനി ശത്രുക്കൾക്കുനേരെ ഒരു പിടി മണ്ണെറിഞ്ഞു. അങ്ങനെ അവർ പരാജിതരായി. ഒരു പിടി മണ്ണ് ശത്രുക്കളെ അന്ധരാക്കി. അതവർക്കിടയിൽ ആശയക്കുഴപ്പമുണ്ടാക്കി. നബി(സ)തിരുമേനി ആദ്യമേ ചൂണ്ടിക്കാണിച്ച സ്ഥലങ്ങളിൽ അവർ വീണു കൊല്ലപ്പെട്ടു.

വിശുദ്ധഖുർആൻ ദൈവിക ഇടപെടലുകളുടെ നിരവധി ഉദാഹരണങ്ങൾ സൂചിപ്പിക്കുന്നുണ്ട്. അത്ഭുതകരമായ ദൈവികസഹായത്തെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. ഇതിന്റെ ചുരുക്കം ഇതാണ്. സർവ്വശക്തനായ അല്ലാഹു നബി(സ) തിരുമേനിയെ എഴുന്നേൽപിച്ച സമയത്ത് അദ്ദേഹം ദരിദ്രനും അനാഥനും ഒറ്റപ്പെട്ടവനും നിസ്സഹായനുമായിരുന്നു. ഒരു ചുരുങ്ങിയ കാലത്തിനുള്ളിൽ അത് മുപ്പത് വർഷത്തിൽ കുറവായിരുന്നു, ലോകത്തിന്റെ ഒരു വലിയ ഭാഗത്ത് വിജയശ്രീലാളിതനാക്കി. ബൈസാന്തിയൻ സാമ്രാജ്യത്തിനുമേൽക്കോയ്മയുണ്ടാക്കി. സിറിയയിലെയും ഈജിപ്തിലേയും രാജാക്കന്മാരുടെമേൽ ആധിപത്യം സ്ഥാപിച്ചു. ടൈഗ്രീസ്, യൂഫ്രട്ടീസ് എന്നിവയ്ക്കിടയിലുള്ള രാജ്യങ്ങളിലും ആധിപത്യം ഉറപ്പിച്ചു. അതുപോലെ വളരെ ചുരുങ്ങിയ കാലത്തിനുള്ളിൽ അല്ലാഹു ഓക്സസ് നദി വരെ മുസ്‌ലിമീങ്ങൾക്ക് വിജയം നൽകി. ഈ രാജ്യങ്ങളിൽ ഇസ്‌ലാം വ്യാപിക്കുന്നതിനെക്കുറിച്ച് വിശുദ്ധഖുർആൻ മുൻകൂട്ടി പ്രസ്താവിച്ചിട്ടുണ്ട്. വിഭവങ്ങളുടെ അഭാവവും അവരുടെ അത്ഭുതകരമായ വിജയങ്ങളും കണക്കിലെടുത്തുകൊണ്ട് ബുദ്ധിമാന്മാരും പണ്ഡിതന്മാരുമായ യൂറോപ്യന്മാർ ഇസ്‌ലാമിന്റെയും ഇസ്‌ലാമിക രാജ്യങ്ങളുടെയും ദ്രുതഗതിയിലുള്ള മുന്നേറ്റത്തിന് തുല്യമായ ഉദാഹരണം ലോകചരിത്രത്തിൽ ഉണ്ടായിട്ടില്ലെന്നു സാക്ഷ്യം വഹിച്ചിട്ടുണ്ട്. തുല്യതയില്ലാത്തതിനെ സംബന്ധിച്ചും അത്ഭുതകരമെന്നു പറയാമെന്നത് വളരെ വ്യക്തമാണ്. ചുരുക്കത്തിൽ, നിരവധി ബാഹ്യമായ മാർഗങ്ങൾ, അത്ഭുതപ്രകൃതിയോടുകൂടിയത് വിശുദ്ധഖുർആനിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. യഥാർഥത്തിൽ ഈ പരിശുദ്ധവചനത്തിന്റെ ഓരോ ഭാഗവും ദൈവിക പിന്തുണയുടെ ഉദാഹരണങ്ങൾ ഉറക്കെ പ്രഖ്യാപിക്കുന്നു. (സുർമ ചശ്‌മെ ആര്യ, റൂഹാനീഖസാഇൻ, വാള്യം 2, പേജ് 60–67, അടിക്കുറിപ്പ്) (തുടരും)

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.

വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്‌മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

(പേജ് 2ൽനിന്ന്)

നൽകി. മേരിലാന്റിലാണ് ബാൾട്ടിമൂർ സ്ഥിതി ചെയ്യുന്നത്. ബാൾട്ടിമൂർ പട്ടണത്തിനടുത്തെത്തിയപ്പോൾ ഒരു ഹെലികോപ്റ്ററും സെക്യൂരിറ്റി ഡ്യൂട്ടിയിലുണ്ടായിരുന്നു. തുടർച്ചയായി അത് സംഘത്തിന് ചുറ്റും മസ്ജിദിന് ചുറ്റും വട്ടമിട്ടു പറന്നുകൊണ്ടിരുന്നു.

**മസ്ജിദ് ബയ്ത്തു സമദിലേക്കുള്ള ഹുദൂറിന്റെ വരവ്:**

1.50–ന് ഹുദൂർ ബയ്ത്തുസ്സമദ് മസ്ജിദിലെത്തി. ആദ്യം ഹുദൂർ മിഷൻ ഹൗസിലെ ജനവാസസ്ഥലത്താണ് എത്തിയത്. ഇവിടെ മുബല്ലിഗിന്റെ വീടാണ് ഉണ്ടായിരുന്നത്. താൽക്കാലിക താമസസൗകര്യമാണ് ഇവിടെ ഒരുക്കപ്പെട്ടിരുന്നത്. 2.50–ന് ബയ്ത്തുസ്സമദ് മസ്ജിദ് പരിസരത്ത് തടിച്ചു കൂടിയിരുന്ന അഹ്‌മദി സ്ത്രീ പുരുഷന്മാരുടേയും കുട്ടികളുടേയും വലിയൊരു ജനാവലി ഹുദൂറിനെ പൂർണ ആദരവോടെ വരവേറ്റു. ആവേശകരമായ മുദ്രാവാക്യങ്ങൾ ഉയ ർന്നു. കുട്ടികൾ സ്വാഗതഗാനം ആലപിച്ചുകൊണ്ടിരുന്നു. ബാൾട്ടി മൂർ ജമാഅത്തിന് ഈദ് പോലെയായിരുന്നു ഈ സുദിനം.

ഇന്ന് വളരെയധികം അനുഗ്രഹങ്ങളും സായൂജ്യങ്ങളും ബാൾട്ടി മൂറിനെ തേടിയെത്തിയിരുന്ന ദിവസമായിരുന്നു. ഹുദൂർ അൻവറിന്റെ അനുഗൃഹീത പാദങ്ങൾ ആദ്യമായി ഈ മണ്ണിൽ പതിഞ്ഞു. രാവിലെതന്നെ അഹ്‌മദീ സ്ത്രീപുരുഷന്മാരുടേയും കുട്ടികളുടേയും വലിയൊരു ജനാവലി ബയ്ത്തു സ്സമദ് മസ്ജിദ് പരിസരത്ത് തടിച്ചു കൂടാൻ തുടങ്ങിയിരുന്നു. ബാൾട്ടിമൂർ കൂടാതെ അവിടുത്തെ ഇതര ജമാഅത്തുകളിൽനിന്നും സഹോദരങ്ങൾ ധാരാളമായി എത്തിക്കൊണ്ടിരുന്നു. ചിലർ മൂവായിരം കിലോമീറ്റർ താണ്ടിയും എത്തിയിരുന്നു. 1800ഓളം പേർ ഹുദൂറിനെ സ്വീകരിക്കാൻ തടിച്ചു കൂടിയിരുന്നു. ഹുദൂർ കൈയുയർത്തി അവരെ അഭിവാദ്യം ചെയ്തു.

**മസ്ജിദ് ബയ്ത്തുസ്സമദിന്റെ പരിശോധനയും ഉൽഘാടനവും:**

മസ്ജിദിന്റെ പുറത്ത് ആലേഖനം ചെയ്തിരുന്ന ഫലകം അനാവരണം ചെയ്ത ഹുദൂർ ദുആ ചെയ്തു. ശേഷം മസ്ജിദിനോട് ചേർന്നുള്ള ലോബിയിലേക്ക് പോകുകയും അവിടെ സംവിധാനിച്ചിരുന്ന ഫോട്ടോ പ്രദർശനം നോക്കിക്കാണുകയും ചെയ്തു. ഇവിടെ വിവിധ ഭാഗങ്ങളിൽ ഫോട്ടോകൾ സംവിധാനിച്ചിരുന്നു. ഈ പ്രദർശനത്തിന് അഞ്ച് ഭാഗങ്ങളുണ്ടായിരുന്നു. ആദ്യഭാഗത്ത് അമേരിക്കയിൽ നിർമിതമായ ചില മസ്ജിദുകളുടേയും ബയ്ത്തുസ്സമദിന്റേയും ചിത്രങ്ങളായിരുന്നു.

രണ്ടാമത്തെ ഭാഗം ലോകത്താകമാനം ജമാഅത്ത് പണി കഴിപ്പിച്ച മസ്ജിദുകളുടെ ചിത്രങ്ങളായിരുന്നു. മൂന്നാമത്തെ ഭാഗം അമേരിക്കയിലെ അഹ്‌മദിയ്യാ ജമാഅത്തിന്റെ സംക്ഷിപ്ത ചരിത്രമായിരുന്നു. ഇതിൽ ജമാഅത്ത് ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങളുടെ ചിത്രീകരണവും ഉൾപ്പെടുന്നു. നാലാമത്തെ ഭാഗം അഹ്‌മദിയ്യാ ഖലീഫമാരുടെ അമേരിക്കൻ സന്ദർശനത്തെ ചിത്രീകരിച്ചിരിക്കുന്നു. അഞ്ചാമത്തെ ഭാഗത്ത് വിവിധ സാമൂഹിക നേതാക്കളുടേയും രാഷ്ട്ര നേതാക്കളുടേയും അഭിമുഖങ്ങളും വിവിധ രാഷ്ട്രങ്ങളിൽ ഖലീഫമാർ നിർവ്വഹിച്ചിരുന്ന പ്രഭാഷണങ്ങളുടേയും ചിത്രങ്ങളായിരുന്നു.

പ്രദർശന സന്ദർശനത്തിന്നിടയിൽ ഒരു ആഫ്രോ അമേരിക്കൻ അഹ്‌മദി ഹുദൂറിന് ഹസ്തദാനം ചെയ്തു.1960–ൽ ബയ്അത്ത് ചെയ്ത വ്യക്തിയാണദ്ദേഹം. ഇപ്രാവശ്യത്തെ യു.കെ ജൽസയിൽ പങ്കെടുക്കാനുള്ള പ്രോഗ്രാം അദ്ദേഹത്തിനുണ്ടായിരുന്നു. ജീവിതത്തിലാദ്യമായി ഹുദൂറിനെ കാണണമെന്നതായിരുന്നു ലക്ഷ്യം. രോഗത്തിന്റേയും ബുദ്ധിമുട്ടുകളുടേയും തടസ്സങ്ങൾ കാരണത്താൽ ഇതുവരെ അതിന് സാധിച്ചിരുന്നില്ല. ഇന്ന് അല്ലാഹു അദ്ദേഹത്തിന്റെ ആഗ്രഹം പൂർത്തിയാക്കി. അദ്ദേഹം വളരെ സന്തോഷവാനായിരുന്നു. കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.

ശേഷം ഹുദൂർ പുരുഷന്മാരുടെ ഹാളിലെത്തി. അവിടെ നോക്കിക്കണ്ടു. തുടർന്ന് കിച്ചണും ഡൈനിംഗ് ഹാളും വീക്ഷിച്ചു; ഒടുവിൽ മസ്ജിദിന്റെ പുറംഭാഗവും. സ്വദ്ർ ജമാഅത്ത് ബാൾട്ടി മൂർ ഡോക്ടർ ഫഹീം യൂനുസ് ഖുറയ്ശിയോട് നിർമാണ ചെലവും മറ്റു കാര്യങ്ങളും ഹുദൂർ അന്വേഷിച്ചു. ബിൽഡിംഗ് വാങ്ങാനും അതിന്റെ റിനോവേഷനും വേണ്ടി ഇരുപത് ലക്ഷം ഡോളർ ചെലവായി എന്നറിയിച്ചു. പല ഭാഗങ്ങളും മാറ്റത്തിന് വിധേയമാക്കിക്കൊണ്ട് രണ്ടാമത് നിർമിച്ചിരുന്നു. 2015ലാണ് ഈ കെട്ടിടം വാങ്ങിയത്. 2017 ജനുവരി മുതൽ നവംബർവരെ ഇതിന്റെ റിനോവേഷനും ചില ഭാഗങ്ങൾ പുതിയതായി നിർമിക്കാനും തുടങ്ങി. പതിമൂവായിരം ചതുരശ്ര അടിയിലാണ് ഈ കെട്ടിടം സ്ഥിതി ചെയ്യുന്നത്. പുരുഷന്മാർക്കും സ്ത്രീകൾക്കും വെവ്വേറെ ഹാളുകൾ നമസ്കരിക്കാനുണ്ട്. നാന്നൂറ് പേർക്ക് ഇവിടെ നമസ്കരിക്കാൻ കഴിയും. രണ്ട് ഡൈനിംഗ് ഏരിയയും ഇതിന്നുണ്ട്. ഓഫീസുകളും നിർമിച്ചിട്ടുണ്ട്. കോൺഫ്രൻസ് ഹാളും രണ്ട് ലൈബ്രറികളും ഉണ്ടാക്കിയിട്ടുണ്ട്. ഒന്ന് കമേഴ്ഷ്യൽ കിച്ചണും മറ്റൊന്ന് സാധാരണ കിച്ചണുമാണ്. കുട്ടികളുടെ തഅ്ലീം തർബിയ്യത്തിനുവേണ്ടി നാല് ക്ലാസ് റൂമുമുണ്ട്. ഒരു ഉന്നത നിലവാരത്തിലുള്ള ഓഡിയോ വീഡിയോ സിസ്റ്റവും തയ്യാറാക്കിയിട്ടുണ്ട്. ആൺ പെൺ കുട്ടികൾക്ക് കളിക്കാനുള്ള സൗകര്യവും ഒരുക്കിയിരിക്കുന്നു. ഇത് ഒരു ഹൈവേയുടെ തീരത്താണ് സ്ഥിതി ചെയ്യുന്നത്. ഏകദേശം 35000 വാഹനങ്ങൾ ഇതു വഴി നിത്യവും കടന്നു പോകുന്നു. മസ്ജിദ് പരിസരത്ത് ആയിരത്തിലധികം വാഹനങ്ങൾ നിറുത്താനുള്ള പാർക്കിംഗ് സൗകര്യവും ഒരുക്കിയിരിക്കുന്നു.(തുടരും)




**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**

**(2:43)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**'ഭൗതികശക്തികൾ ഇസ്‌ലാം–അഹ്‌മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**

**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 10 October 2019 Issue-41

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

### ജർമനി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രബോധനവകുപ്പിന്റെ ആഭിമുഖ്യത്തിൽ

# ഹാനോവറിൽ(Hannover) ഇസ്‌ലാം- ഖുർആൻ എക്സിബിഷൻ

ദൈവകൃപയാലും ഹദൂറിന്റെ നിർദേശങ്ങളുടെ വെളിച്ചത്തിലും ജർമനി തബ്ലീഗ് വകുപ്പിന് രാജ്യം മുഴുവൻ ഇസ്‌ലാം-അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിക്കാനുള്ള തൗഫീഖ് ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനുവേണ്ടി വിവിധ മാർഗങ്ങളും മാധ്യമങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുന്നു. എവിടെയൊക്കെ ആധുനികമായ കണ്ടുപിടിത്തങ്ങളും സോഷ്യൽമീഡിയയും ഉപയോഗിച്ചുവരുന്നുവോ അവിടയൊക്കെ മുഹമ്മദു നബി(സ)തിരുമേനിയുടെ ഉന്നതിക്കുവേണ്ടി ഇസ്‌ലാമിനേയും വിശുദ്ധഖുർആനേയും കുറിച്ചുള്ള എക്സിബിഷനുകളും സംഘടിപ്പിച്ചുവരുന്നു. ജർമനയിൽ 'ഇസ്‌ലാം – ഖുർആൻ' പ്രദർശനം തുടങ്ങിയത് 2008 ന്റെ തുടക്കത്തിലാണ്. കഴിഞ്ഞ ഏഴു വർഷത്തിനുള്ളിൽ 183 പ്രദർശനമാണ് സംഘടിപ്പിച്ചത്. താഴെ ചേർക്കുന്ന റിപ്പോർട്ടിൽ ജർമനിയിലെ ഹാനോവർ നഗരത്തിൽ സംഘടിപ്പിച്ച പ്രദർശനത്തെ കുറിച്ചാണ് പ്രതിപാദിക്കുന്നത്.

ദൈവകൃപയാൽ പ്രദർശനം തുടങ്ങിയതിന്നിടയിൽത്തന്നെ ഇതിനെ സംബന്ധിച്ച് പ്രസിദ്ധീകരിച്ച പോസ്റ്ററുകൾ ജനങ്ങൾ വായിക്കാൻ തുടങ്ങിയിരുന്നു. താഴെ കാണുന്ന വിഷയങ്ങളിൽ 16 വലിയ വലിയ പോസ്റ്ററുകളാണ് നാട്ടിയിരുന്നത്. ഉദാഹരണത്തിന് ദൈവാസ്തിക്യം, വിശുദ്ധ ഖുർആൻ, നബി(സ)തിരുമേനി, പരിശുദ്ധ നഗരം, ഇസ്‌ലാം, ഇസ്‌ലാം കാര്യങ്ങൾ, ജിഹാദ്, ഇസ്‌ലാമിക ശാസ്ത്രം, ഇസ്‌ലാമിന്റെ സമാധാനപരമായ അധ്യാപനങ്ങൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു പരിചയപ്പെടുത്തൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖലീഫമാർ ഒരു പരിചയപ്പെടുത്തൽ, ഇസ്‌ലാമിക ലോകം, ഡോക്ടർ അബ്ദുസ്സലാം, മതസ്വാതന്ത്ര്യം, ഇസ്‌ലാമിൽ സ്ത്രീകളുടെ സ്ഥാനം തുടങ്ങിയവ. ഇതിനു പുറമെ ഖുർആനിക വചനങ്ങൾ, തിരുനബിയുടെ തിരുമൊഴികൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ലിഖിതശകലങ്ങൾ തുടങ്ങിയവ ചെറിയ പോസ്റ്ററുകളിലും പ്രദർശിപ്പിച്ചിരുന്നു. ഇപ്രകാരംതന്നെ ടെലിവിഷനിൽ അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെടുത്തൽ, ഹുദൂറിന്റെ പര്യടനങ്ങൾ, മസ്ജിദുകളുടെ ഉൽഘാടനങ്ങൾ, ശിലാകർമങ്ങൾ നിർവഹിച്ചതിന്റെ വീഡിയോകളും കാണിച്ചുകൊണ്ടിരുന്നു. ഹുദൂറിന്റെ വിദേശപര്യടനങ്ങളും യൂറോപ്യൻ പാർലമെന്റിലെ പ്രസംഗവും എടുത്തുപറയേണ്ടതാണ്. ഇപ്രകാരം ഖലീഫമാരെ പരിചയപ്പെടുത്തിക്കൊണ്ടുള്ള ചിത്രങ്ങളും അതുപോലെതന്നെ ജർമനിയിലെ അഹ്മദിയ്യാ മസ്ജിദുകളുടെ ഫോട്ടോകൾ, അതിന്റെ ലഘുവിവരണം അടങ്ങിയ ബാനറുകളും പ്രദർശിപ്പിച്ചിരുന്നു. അത് കാണികൾ ഏറെ ഇഷ്ടപ്പെട്ടു. ധാരാളമാളുകൾ എക്സിബിഷന്റെ ഫോട്ടോകൾ എടുക്കുകയും സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു. ഇസ്‌ലാമിന്റെ ഈ ചിത്രം തങ്ങൾ മുമ്പേ ഒരിക്കലും കണ്ടിട്ടില്ലെന്ന് പറഞ്ഞു. ഇതുപോലെ മാന്യരായ മുസ്‌ലിമീങ്ങളും ഇസ്‌ലാമിനെ ഇത്ര മനോഹരമായി പ്രദർശിപ്പിച്ചതിൽ സന്തോഷം പ്രകടിപ്പിക്കുകയുണ്ടായി. ധാരാളമാളുകൾ സാഹിത്യങ്ങൾ വാങ്ങി.

ഈ വർഷം ഹാനോവർ (Hannover) ജമാഅത്തിന് നാലാമത്തെ പ്രാവശ്യമാണ് 'ഇസ്‌ലാം-ഖുർആ ൻ എക്സിബിഷൻ' നടത്താൻ സൗഭാഗ്യം ലഭിക്കുന്നത്. ആദ്യം സംഘടിപ്പിച്ചത് 2016 ജൂലായ് 26 മുതൽ 31 വരെയായിരുന്നു. 6645 പേരാണ് ഇത് സന്ദർശിച്ചത്. രണ്ടാമത് സംഘടിപ്പിച്ചത് 2017 ആഗസ്റ്റ് 08 മുതൽ 12 വരെയായിരുന്നു. 6200 പേരാണ് ഈ പ്രദർശനം സന്ദർശിച്ചത്. ഇതിൽ തുർക്കികളും അറേബ്യൻ മുസ്‌ലിമീങ്ങളുമായിരുന്നു അധികവും. മൂന്നാമത് സംഘടിപ്പിച്ചത് 2018 ജൂൺ 25 മുതൽ ജൂലായ് 01 വരെയായിരുന്നു. ആ സമയത്ത് ഇവിടെ നിർമാണപ്രവൃത്തികൾ നടക്കുകയായിരുന്നു. ട്രാൻസ്റ്റേഷൻ തുടങ്ങിയവ ആകർഷണീയമായ നിലയിൽ നിർമിക്കുകയായിരുന്നു. ഇതു കാരണം സന്ദർശകരുടെ എണ്ണം കുറവായിരുന്നു. എന്നിട്ടും 6800 പേർ സന്ദർശിച്ചു. ഈ വർഷം എക്സിബിഷൻ സംഘടിപ്പിച്ചത് 2019 സെപ്റ്റംബർ 10 മുതൽ 15 വരെയായിരുന്നു. 14247 പേർ പ്രദർശനം സന്ദർശിക്കുകയുണ്ടായി. ഓരോ വർഷവും രാഷ്ട്രീയവും സാമാജികവുമായി ബന്ധപ്പെട്ടവരും വിവിധ സ്ഥാപനങ്ങളുമായി ബന്ധം വെക്കുന്നവരും പ്രദർശനം കാണാൻ എത്തിയിരുന്നു. കഴിഞ്ഞ വർഷത്തെ പ്രദർശനത്തിൽ ലജ്ന ഇമാഇല്ലായും 'ഞാനൊരു മുസ്‌ലിം സ്ത്രീയാണ് 'എന്ന ശീർഷകത്തിൽ ഇവിടെ സ്റ്റാളിട്ടിരുന്നു. അത് സ്ത്രീകൾക്ക് ഏറെ ഇഷ്ടപ്പെട്ടു. നമ്മുടെ സ്ത്രീകളുമായി ചോദ്യോത്തരങ്ങളും നടന്നു. ഈ വർഷവും ദൈവാനുഗ്രഹത്താൽ ഈ പ്രദർശനത്തിന്റെ ഉൽഘാടന പരിപാടിയിൽ നഗര ഭരണകൂടത്തിന്റെ ഫസ്റ്റ് സെക്രട്ടറി സാഹിബയും റീജ്യണിലെ പ്രസിഡന്റും അടുത്ത് തിരഞ്ഞെടുപ്പിൽ തിരഞ്ഞെടുക്കപ്പെടാൻ സാധ്യതയുള്ള മേയർ സാഹിബും ഇപ്രകാരംതന്നെ ഇസ്റായീൽ ജർമൻ റിലേഷൻഷിപ്പിന്റെ പ്രതിനിധിയും പങ്കെടുത്തിരുന്നു. അവർക്കുപുറമെ വിദ്യാസമ്പന്നരും സാംസ്കാരിക നായകന്മാരും പ്രദർശനം കാണാൻ എത്തുകയും ഇസ്‌ലാമിനെ സംബന്ധിച്ച് ചോദ്യങ്ങൾ ചോദിച്ച് കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്തിരുന്നു. ഈ അവസരത്തിൽ തദ്ദേശ ജമാഅത്തംഗങ്ങൾ സന്ദർശകരെ സ്വാഗതം ചെയ്യുകയും തദ്ദേശ മുറബ്ബിയ്ക്കു പുറമെ ചുറ്റുവട്ടത്തുള്ള ജമാഅത്തുകളിൽനിന്ന് മുബല്ലിഗുമാരെത്തി ഡ്യൂട്ടികൾ നിർവഹിക്കുകയും ചെയ്തു.

**പ്രതികരണങ്ങൾ:** ഒരു ജർമൻ പുരുഷനും സ്ത്രീയും പ്രദർശനം കാണാനെത്തി. സംസാരത്തിന്നിടയിൽ അവർ പറഞ്ഞു: 'നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ഈ ജോലികൾ മുഴുവൻലോകത്തും വ്യാപിക്കേണ്ടതാണ്. ലോകത്ത് നിന്ന് ഭയവും പേടിയും അവസാനിക്കുന്നതുവരെ എല്ലാ തലങ്ങളിലും ഇത്തരം പ്രവൃത്തികളും പ്രദർശനങ്ങളും നടക്കേണ്ടതാണ്.' അവർ പറഞ്ഞു, ഇസ്‌ലാം ഇക്കാലത്ത് ബലാൽക്കാരത്തിന്റെ മതമായാണ് കാണപ്പെടുന്നത്. പക്ഷേ, ഈ ചിത്രവും രംഗത്തു വരുകയാണെങ്കിൽ ജനങ്ങൾ ചിന്തിക്കാൻ നിർബന്ധിതരായിത്തീരുന്നതായിരിക്കും. അല്ലാഹു അഹ്മദിയ്യാ ജമാഅത്തിന് കൂടുതൽ അഭിവൃദ്ധി നല്കുമാറാകട്ടെ എന്നും വിജയങ്ങൾകൊണ്ട് അനുഗ്രഹിക്കട്ടെ എന്നും അവസാനം അവർ ദുആ ചെയ്തു.

ഒരു അഫ്ഗാൻ അതിഥിയും തുർക്കി അതിഥിയും പറഞ്ഞു: 'നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ഈ പ്രവൃത്തി വളരെ നല്ലതാണ്. ഇന്ന് ഇതിന്റെ ആവശ്യമുണ്ട്.'

പ്രായം ചെന്ന ഒരു ജർമൻ സ്ത്രീ പറഞ്ഞു: 'ഇന്ന് മാധ്യമങ്ങളിൽ ഇസ്‌ലാമിനെക്കുറിച്ച് വന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ ഭയാനകമാണ്. ജമാഅത്തിന്റെ ചിത്രവും പ്രദർശിപ്പിക്കുകയാണെങ്കിൽ തീർച്ചയായും ഉത്തമമായിരിക്കും.'(റിപ്പോർട്ട്: സ്വഫ്‌വാൻ അഹ്മദ് മലിക്, തബ്ലീഗ് വകുപ്പ് ജർമനി) ◆

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്."**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

## 126-ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്വ്‌രിഹിൽ അസീസ് 126-ാമത് ജൽസ സാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2019 ഡിസംബർ 27,28,29 (വെള്ളി,ശനി,ഞായർ) തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽതന്നെ ദുആയോടുകൂടി ഈ അനുഗ്രഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസ സാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനും വേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ് *(നാളിർ ഇസ്വ്‌ലാഹ് - ഒ - ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin